# സൗരയാനം



## ഡിജിറ്റൽമാഗസിൻ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ജി.എച്ച്.എസ്.എസ് പനമരം 2023-24

# എഡിറ്റോറിയൽ ബോർഡ്



സനോജന.കെ(9F)



ശ്രീദേവി.പി(9E)



ശ്രേയ.പി(9E)



ഫാത്തിമ
തഹ്സിൻ.വി(9F)

# ഇതളുകളിലൂടെ

പേജ്


ആമുഖം ........ 4
ആശംസകൾ........ 5
ഡിജിറ്റൽ പെയിന്റിംഗ്........ 6
സൗരയാനം........ 7
ജില്ലാ ക്യാമ്പിലേക്ക്സെലക്ഷൻ നേടിയവർ........ 8
ബാലലീല........ 9
വിശാഖ എന്ന പെൺകുട്ടിയുടെ കഥ........ 10
മണ്ഡല ആർട്ട്........ 11
ചന്ദന തന്നലും ചന്ദ്രികയും........ 12
കുട്ടികളിൽ ലഹരിയുടെ സ്വാധീനം........ 13
ചലഞ്ചേഴ്സ് ക്ലബ്ബ്........ 14
കാറ്റും മഴയും സല്ലഭിച്ചത്........ 15
പൊടുന്നനെ കെട്ടുപോയ പുഞ്ചിരി........ 16
സ്കൂൾ വാർത്തകൾ........ 17
തുമ്പപ്പൂ........ 18
വിവാഹം........ 19
ചിത്രരചന........ 20
കൊഴിയുന്ന ഇല........ 21
സൗന്ദര്യലഹരി........ 22
ചിത്രരചനകൾ........ 23,24
ലഹരി പുതിയ മേഖലകൾ........ 25
സ്പോർട്സ്........ 26
നൃത്തം ആടുന്ന മഴത്തുള്ളികൾ ........ 27
നല്ല പാഠം ........ 28
പ്രകൃതിയിലൂടെയുള്ള അനുഭവം........ 29
ചാച്ചാജി........ 30
സ്കൂൾ ബാർ........ 32
പുതുവർഷം ........ 33
കൃഷ്ണാ നീയെന്നെയറിയില്ല........34,35
വരകളിലൂടെ........ 36
ഞങ്ങളുടെ മുത്തശ്ശി........ 37
ലിറ്റിൽ ന്യൂസ് ........38
കുട്ടികളിൽ ലഹരിയുടെ സ്വാധീനം........39
ലഹരി വിരുദ്ധ സന്ദേശം നൽകുന്ന ചെറുകഥ........40
ഇവർ വിജയികൾ........41
പുഴയുടെ തീരത്ത്........42
പുഴ........43
പ്രതിഭകൾ........44
കൊറോണയും ഞാനും ........45
കണ്ണനെ തേടി........46
മത്സര വിജയികൾ........47
നീറിയ മാനസം ........48
സീതാ സ്വയംവരം........49
കലകളിലൂടെ........50-53
നിർമ്മിത ബുദ്ധി ........54,55
പഠന പരിപോഷണ പരിപാടി........56-58
ഓർമ്മകൾ........59
കടപ്പാട്........60
നന്ദി........61

പ്രിയരേ,

സ്ക്രൂൾതല പാഠ്യപദ്ധതിയിൽ വിദ്യക്ക് നിർണായക സ്ഥാനമാണുള്ളത്.ലിറ്റിൽ കൈറ്റ്സ് ഓരോ വിദ്യാലയത്തിന്റെയും പഠനപ്രക്രിയയുടെ ഭാഗമായിമാറിയിരിക്കുന്നു. പനമരം ഗവ:ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ 2023-24 അധ്യയനവർഷത്തിന്റെ ഓൺലൈൻ മാഗസിനാണ് 'സൗരയാനം'. വിദ്യാർഥികൾ സിദ്ധിച്ച അറിവിന്റെയും അനുഭവങ്ങളുടെയും ആവിഷ്കാരം തന്നെയാണിത്. വിദ്യാലയത്തിന്റെ പഠന പഠനേതര മികവും കൂട്ടുത്തരവാദിത്തവും ഈ മാഗസിനിലൂടെ തെളിയുന്നു. ശാസ്ത്രസാങ്കേതിക വൈജ്ഞാനിക മേഖലകളിൽ ലോകം അനസ്യൂതം മുന്നേറുകയാണ്. വരും തലമുറയെ അതിനൊപ്പം കൂട്ടിയിണക്കുന്ന പാഠ്യപദ്ധതിയാണ് നമുക്കുള്ളത്. അതിന്റെ അനുരണങ്ങൾ സൗരയാനത്തിലും പ്രതിഫലിക്കാതിരിക്കില്ല. ലേഖനങ്ങളും,ചിത്രങ്ങളും,കവിതകളും, കഥകളും,ആസ്വാദനങ്ങളും,അനുഭവക്കുറിപ്പും,തുടങ്ങിയ രചനകളാണ് ഓരോരുത്തരുടെയും മുമ്പിലേക്കെത്തുന്നത്. ലിറ്റിൽ കൈറ്റസ് അധ്യാപകരുടെയും വിദ്യാർഥികളുടെയും സൗഹൃദോപഹാരമാണ് "**സൗരയാനം**".

ഏവരും സ്നേഹത്തോടെ സ്വീകരിക്കുമെന്ന് കരുതട്ടെ.

സ്നേഹാശംസകളോടെ



സുജാത പി.കെ(ലിറ്റിൽ കൈറ്റസ്മിസ്ട്രസ്സ്)



ആൻസി അഗസ്റ്റിൻ(ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്സ്)



വിവര സാങ്കേതിക വൈദഗ്ധ്യം വിദ്യാർത്ഥികളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിദ്യാലയങ്ങളിൽ ലിറ്റിൽകൈറ്റ്സിന് പ്രമുഖസ്ഥാനമുള്ളതാണ്. ഇന്റർനെറ്റിന്റെയും,കമ്പ്യൂട്ടറിന്റെയും, ലാപ്ടോപ്പിന്റെയും,പ്രൊജക്ടറിന്റെയും സഹായത്തോടെ പഠനസഹായക-പ്രക്രിയ വിദ്യാലയങ്ങളിൽ സുഗമമാകുന്നു. പഠനസാഹചര്യം സംജാതമാക്കുന്നതിനും വിപുലമായ മുന്നറിവുകൾ  പകരുന്നതിനും സാധിക്കുന്നു.

ലോകത്തെവിടെയുമുള്ള അറിവുകൾ യഥാസമയം വിദ്യാർഥിക്ക് മുമ്പിലെത്തുന്നു. സാങ്കേതിക വിദ്യയിൽ  നിപുണരായ വരുംതലമുറയെ വാർത്തെടുക്കുന്നതിന് സർക്കാർതല പാഠ്യപദ്ധതിയുടെ ഭാഗമാണ് ലിറ്റിൽകൈറ്റ്സ്. അധ്യാപകരേയും വിദ്യാർത്ഥികളേയും ഒരേപോലെ സഹായിക്കുന്ന വിദ്യാർത്ഥി ഗ്രൂപ്പുകളാണിവ. നൂതനവും വൈവിധ്യപൂർണവുമായ വിദഗ്ധ പരിശീലനം പ്രസ്തുത ഗ്രൂപ്പ് വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നു. ശിൽപശാലകൾ,ക്യാമ്പുകൾ,സെമിനാറുകൾ, പരീക്ഷകൾ......... എന്നിവ ഇതിന്റെ ഭാഗമാകുന്നു. അങ്ങനെ മികവുറ്റ നേതൃത്വപാഠവവും വൈജ്ഞാനികോന്നതിയും ഇവരിൽ സിദ്ധമാകുന്നു. നമ്മുടെ പനമരം ജി.എച്ച്. എസ് ലെ അഭിമാനമാണിവർ. ഇവർക്ക് പരിശീലനവും ലഭ്യമാക്കുന്ന അധ്യാപകരും ഉണ്ട്. അവരും വിവരസാങ്കേതിക വിദ്യയിൽ വിദഗ്ധരായിരിക്കും. അങ്ങനെ ഓരോ വിദ്യാലയത്തിന്റെയും അവിഭാജ്യ ഘടകമായ ലിറ്റിൽകൈറ്റ്സിന്റെ എല്ലാ സുഹൃത്തുകൾക്കും അഭിനന്ദനങ്ങൾ. ഒപ്പം മികവുറ്റ മനോഹരമായ ഓൺലൈൻ മാഗസിൻ തയ്യാറാക്കിയ വിദ്യാർഥികൾക്കും സഹപ്രവർത്തകർക്കും പനമരം ജി.എച്ച്. എസ് വിദ്യാലയത്തിന്റെ ആശംസകൾ നേരുന്നു.

**ഷീജ ജെയിംസ്**
**ഹെഡ്മിസ്ട്രസ്സ്**
**ജി.എച്ച്.എസ്.എസ്**
**പനമരം**





ശ്രീദേവി.പി (ലിറ്റിൽ കൈറ്റ്സ് മെമ്പർ)


# ഡിജിറ്റൽ പെയിന്റിംഗ്















# കവിത



സനിൽ (അധ്യാപകൻ)

## 'സൗരയാനം

ഈ ലോകഗോളം
കൈവെള്ളയിൽ കണ്ടു നീ............
നെയ്തൊന്നൊരായിരം കിനാവുകൾ
ശാസ്ത്രവൈദഗ്ധ്യ
വീചികൾ ഉയരുന്ന
ഭ്രമണമേ പ്രപഞ്ച ഭ്രമണമേ............
നന്ദി നിനക്കു മംഗളം
ശാസ്ത്രമേ നിൻ
ചെയ്തികൾ എത്രകേമം
മേൻമകൾക്ക് മേൻമേൽ
നിൻ കൊടി പാറിപ്പറക്കട്ടെ
നിൻ പാതകൾ പടയോട്ടമായ്
സഫലമാകട്ടേ ജൻമ
ജൻമാന്തരങ്ങളിലായ്........
തച്ചുടയ്ക്കുന്ന ശസ്ത്രങ്ങളും
സർവ്വനാശം വിതയ്ക്കുന്ന
ശാസ്ത്രങ്ങളും.................
പ്രണാമം പ്രണാമം
*************
ചിറകെനിക്കില്ലെങ്കിലും
അകലെയാണെന്റെ വാസം
കനലെരിക്കും കനൽ
ക്കാഴ്ചയാണെന്റെ രൂപം
ചോരനീറ്റും വിയർപ്പിന്നു
മപ്പുറം കഠിനതപസാം
ശ്രമ മതാണെന്റെ മാർഗം
തിരപോലടങ്ങാത്തൊ
രെൻ ലക്ഷ്യങ്ങളൊക്കെയും
നേരിന്റെ എരിയുന്ന
തിരിനാളമൊന്നിനായ്
നേരിന്റെ എരിയുന്ന
തിരിനാളമൊന്നിനായ്
ജീവനാളം തെളിക്കുന്നതാണീ
യുഗങ്ങളായെന്റെ കർമ്മം
കരുതലിൻ കരുത്താ
ണെന്റെ ജൻമം
യുഗങ്ങളിൽ നേടിയ
സിദ്ധികൾക്കപ്പുറം
ഗതിവിഗതികൾക്കു പിന്നിലായ്
ശരവേഗത്തിൽ പായുമെൻ
ഉൾവിളിയാണാ സൗരയാനം
ഉയിരിലാളിപ്പടരുന്ന
നേരിന്റെ കരുത്താണ് 'സൗരയാനം'


little KITEs
ലിറ്റിൽ കൈറ്റ്സ്
ജില്ലാ ക്യാമ്പിലേക്ക് സെലക്ഷൻ നേടിയവർ
ANIMATION
PROGRAMMING
SREEDEVI .P
(9.E)
REHMAN FARISH
(9.B)
അഭിനന്ദനങ്ങൾ
LITTLE KITE UNIT
GHSS PANAMARAM

# ആസ്വാദനക്കുറിപ്പ്



സനോജന.കെ(9F)

## ബാലലീല

ഓമനപൈതൽതാനോരോരോലീലകൾ
തൂമകലർന്നങ്ങു കാട്ടിക്കാട്ടി
ആനായനാരിമാർ മാനസം തന്നെയ-
ങ്ങാകുലമാക്കിനാൻ മെല്ലെമെല്ലെ
അച്ഛനെപ്പോലെയുടുക്കുന്നേനെന്നിട്ടു-
നൽച്ചേലകൊണ്ടങ്ങുടുക്കും നന്നായി
മാനിട്ടുനിന്നച്ഛൻ കുമ്പിടുന്നേരത്ത-
ങ്ങാനകളിക്കും മുതുകിവേറി.
തേവാരിക്കേണമിന്നാച്ഛായെനിക്കു നീ
പൂവെല്ലാം കൊണ്ടത്തായെന്നു ചൊല്ലും
അച്ഛനും താനുമായിച്ഛയിലങ്ങനെ
നിച്ചലുംനിന്നും പടകളിക്കും
എൻകണി കാണണന്നിങ്ങളിന്നെല്ലാരും
എന്നങ്ങുചൊല്ലീട്ടു വീടുതോറും
കോഴികൾ കൂകുമ്പോൾ കോഴകൾ കൂടാതെ
ഗോവിന്ദൻ പാടിക്കൊണ്ടങ്ങു ചെല്ലും
മാരിചൊരിയുന്നനേരത്തു കോടിയിൽ
നേരേപോയ് നീരെല്ലാമേൽക്കും മെയ്യിൽ
കൈയേപിടിപ്പാനായാരേലും ചെല്ലുമ്പോൾ
അയ്യോ! എന്നിങ്ങനെ കൂട്ടുംതിണ്ണം
അത്ഭുതമായുള്ള പാവകളുണ്ടോരോ
ശിൽപ്പികൾ കൊണ്ടക്കൊടുത്തപ്പോഴും
വാഴപ്പാഴങ്ങൾ താൻ തിന്നുന്ന നേരത്തു
വായിൽ കൊടുക്കുമപ്പാവകൾക്കും

-ചെറുശ്ശേരി
(കൃഷ്ണഗാഥ)

മലയാളത്തിലെ പ്രാചീന കവിത്രയത്തിലെ ഒരാളായ ചെറുശ്ശേരി എഴുതിയ കൃഷ്ണഗാഥയിലെ ചില വരികളാണിവ.

ഓമനപൈതലായ ഉണ്ണികൃഷ്ണൻ ചിരിച്ചുകൊണ്ട് ഓരോ ലീലാവിലാസങ്ങൾ കാട്ടുന്നു, സുന്ദരിമാരുടെ മനസ്സിനെ  ആകുലമാകുന്നു. ഒരു മുണ്ടെടുത്ത് അച്ഛൻ മുണ്ട് ഉടുക്കുന്നതു പോലെ  ഉടുക്കുന്നതു. മാത്രമല്ല അച്ഛനെ മുട്ടുകുത്തി നിർത്തി പുറത്തുകയറി ആനയെപ്പോലെ നടക്കാൻ പറയുന്നു. കൂടാതെ പൂജനടത്താൻ അച്ഛനോട് പൂക്കൾ കൊണ്ടുവരാൻ പറയുന്നു. ഇങ്ങനെ അച്ഛനും കണ്ണനും കൂടി ഓരോ കളികളിലേർപ്പെടുന്നു. നേരം പുലരുമ്പോൾ എല്ലാവരും എന്നെ കണികാണണം എന്നു പറഞ്ഞുകൊണ്ട് വീടുകൾ തോറും ഭജനകൾ പാടികൊണ്ട് കയറിച്ചെല്ലുന്നു. മഴപെയ്യുമ്പോൾ വീടിന്റെ കോടിയിൽ നിന്ന് ജലം മുഴുവനും ശരീരത്തിൽ ഏൽക്കുകയും ചെയുന്നു. ആരേയും പിടിക്കാൻ സമ്മതിക്കുന്നില്ല. ശിൽപ്പികൾ കൊണ്ടു കൊടുത്ത പാവകൾക്ക് വാഴപ്പഴം തിന്നാൻ കൊടുക്കുന്നു. എത്രയെത്ര വർണ്ണിച്ചാലും തിരാത്ത ചേഷ്ടകളാണ് അമ്പാടിക്കണ്ണൻ കാണിക്കുന്നത്.

## കഥ



പത്മതീർത്ഥ(9G)

# വിശാഖ എന്ന പെൺകുട്ടിയുടെ കഥ


അവൾ കാണുന്ന സ്വപ്നങ്ങൾ നിറമില്ലാത്തവയായിരുന്നു സ്വന്തം ജീവിതത്തെ കുറിച്ചുള്ള നല്ല സ്വപ്നങ്ങൾ എല്ലാം നഷ്ടപ്പെട്ടവളായിരുന്നു വിശാഖ. ജീവിതത്തിൽ കഷ്ടപ്പാടും ദുരിതങ്ങളും അവളെ വേട്ടയാടുകയായിരുന്നു. എന്നും ഉറക്കത്തിൽ അവൾ ഭയാനകവും വേദനാജനകവും ആയ സ്വപ്നങ്ങൾ കാണാറുണ്ട്. അവളുടെ ഈ സ്വപ്നങ്ങളുടെ തുടക്കം അവളുടെ അമ്മയുടെ മരണത്തിൽ നിന്നായിരുന്നു. വിശാഖയ്ക്ക് അച്ഛനില്ല അവളുടെ അച്ഛൻ കുറച്ചു വർഷം മുമ്പ് അവരെ ഉപേക്ഷിച്ചു പോയിരുന്നു. അവളുടെ അമ്മ ഒരു അഗ്നി ശമനസേനയിലാണ് പ്രവർത്തിച്ചിരുന്നത് വളരെ അധികം ബുദ്ധിമുട്ടേറിയതും ജീവൻ പോകാൻ വരെ ഇടയുള്ളതുമായ ജോലിയാണിത് എന്നറിഞ്ഞിട്ടും അവളുടെ അമ്മ വളരെ ഇഷ്ടത്തോടെ ആ തൊഴിൽ ചെയ്തിരുന്നു. എത്ര നല്ല തൊഴിൽ ആണെങ്കിലും ഭർത്താവ് ഉപേക്ഷിച്ച എന്ന കാരണത്താൽ നാട്ടിലൊക്കെ അവർക്ക് അവഗണനകളായിരുന്നു. വിശാഖയുടെ സ്കൂളിൽ അവളെ കളിയാക്കുമായിരുന്നു. അച്ഛൻ ഇല്ല എന്ന് പേരിൽ അങ്ങനെ ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം ടീച്ചർ ക്ലാസിൽ വന്നു എന്നിട്ട് പറഞ്ഞു "വിശാഖ വേഗം വീട്ടിലേക്ക് ചെന്നോളൂ....." അവൾക്ക് ഒന്നും മനസ്സിലായില്ല. അവളുടെ അമ്മ ഒരു അപകടത്തിൽ മരിച്ചിരുന്നു. എന്നിട്ട് പോലും അവളെ വിളിക്കാനോ സഹായിക്കാനോ നാട്ടുകാരും, ബന്ധുക്കളും അവരും വന്നില്ല, വീട്ടിലെത്തിയപ്പോൾ പോലീസുകാരും, വിശാഖയുടെ അമ്മയുടെ സഹപ്രവർത്തകരും ഒക്കെ കൂട്ടം കൂടി നിൽക്കുന്നു. അവൾ മുന്നോട്ട് ചെന്നു. അവളുടെ അമ്മയെ വെള്ളത്തുണിയിൽ പുതപ്പിച്ച് കിടത്തിയിരിക്കുന്നു. അവൾക്ക് സങ്കടം സഹിക്കുന്നില്ലായിരുന്നു. ബന്ധുവെന്നും, കൂട്ടുകാരി എന്നും ഒക്കെ പറയാൻ അവൾക്ക് അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ.


അമ്മയും അവളെ വിട്ടുപോയി പിന്നീട് അവളുടെ സ്വപ്നങ്ങൾക്ക് നിറം ഉണ്ടായിരുന്നില്ല. കറുത്തിരുണ്ട ഭയപ്പെടുത്തുന്ന സ്വപ്നങ്ങൾ അവളുടെ ഉറക്കത്തിൽ വന്നുകൊണ്ടിരുന്നു. അവളുടെ മനസ്സിന്റെ താളം തെറ്റിയിരുന്നു. എന്നും ഉറങ്ങുമ്പോൾ ഒരു മനോഹരമായ സ്വപ്നത്തെ അവൾ ആഗ്രഹിക്കും. ഒരു ദിവസം അവൾ സ്കൂളിലേക്ക് എത്തി. സ്കൂളിൽ അവളുടെ ക്ലാസ്സിൽ ഒരു പുതിയ കുട്ടി വന്നിരിക്കുന്നു. ആ കുട്ടി അവളുടെ ജീവിതത്തിൽ പുതിയ ഒരു തുടക്കം കുറിച്ചു. വിശാഖയ്ക്ക് മിണ്ടാനും കൂട്ടുകൂടാനും കളിക്കാനും എന്നും അവളുടെ ഒപ്പം അവൾ ഉണ്ടായിരുന്നു സൗമ്യ. പിന്നീട് അവളുടെ സ്വപ്നങ്ങൾക്ക് നിറം വന്നുതുടങ്ങി ജീവിതം സന്തോഷവും, സുഖവും ഉള്ളതായി മാറിക്കൊണ്ടിരിക്കുന്നു. എങ്കിലും അവളുടെ അമ്മയെ പറ്റി പറയുമ്പോൾ അവളുടെ കണ്ണുകൾ ഇപ്പോഴും നിറയും. അങ്ങനെ അവൾ പഠിത്തത്തിൽ മുൻപന്തിയിലേക്ക് വന്നു. അവളുടെ ജീവിതം സൗമ്യ വന്നതോടെ സഫലമാകുന്നതായി അവൾക്കു തോന്നി. കണ്ണീര് പൊഴിക്കുന്ന അവളുടെ ജീവിതത്തെ സൗമ്യ എന്ന പെൺകുട്ടി സ്വർഗ്ഗമാക്കി മാറ്റി. എങ്കിലും അവൾ കഷ്ടപ്പെട്ട് തന്നെയായിരുന്നു ഭക്ഷണം കഴിക്കുന്നത് എന്നാൽ ആ കഷ്ടപ്പാട് അവൾക്ക് ഇപ്പോൾ തോന്നുന്നില്ല. അന്നാണ് അവൾക്ക് ഒരു കാര്യം മനസ്സിലായത് നമ്മുടെ കൂടെ ഒരാൾ ഉണ്ടെങ്കിൽ എന്തും ഏതു പ്രശ്നവും നമുക്ക് തരണം ചെയ്യാം അങ്ങനെ അവളുടെ ജീവിതം മെല്ലെ മെല്ലെ വളരെ സന്തോഷത്തിലേക്ക് വന്നു. അവൾ വലുതായി നല്ല ജോലി കിട്ടി. എങ്കിലും അവൾ ആലോചിക്കും ആരായിരിക്കും സൗമ്യ, വന്ന് എൻറെ ജീവിതത്തെ സ്വർഗ്ഗമായി മാറ്റിയവൾ അവളുടെ വീടും കുടുംബവും ഒന്നും എനിക്കറിയില്ല എന്നിട്ടും എന്തിനാ അവൾ എന്നെ ഇത്രയും സഹായിച്ചത് ആരായിരിക്കും അവൾ അങ്ങനെ വിശാഖയുടെ നിറമില്ലാത്ത സ്വപ്നങ്ങൾ വർണ്ണശലഭമായ പുതുസ്വപ്നങ്ങളായി മാറി.


# മണ്ഡല ആർട്ട്

ശ്രേയ.പി(9E)
















## കവിത

സനോജന.കെ(9F)



# ചന്ദനത്തെന്നലും ചന്ദ്രികയും

ചന്ദ്രികേ ചാരത്തണയുമോ ചഞ്ചലക്കണ്ണിനാലെന്നെ
മയക്കിടാതെ
ചന്ദ്രബിംബം നോക്കി നീ ചിരിക്കുമ്പോഴീ പൂങ്കവിൾ
ചന്തമെനിക്കു സ്വന്തം
താഴത്തേക്കൊന്നു നീ വന്നുവെങ്കിൽ എന്റെ തോഴിയായ്
നിന്നെ ഞാൻ സ്വീകരിക്കാം
താഴിട്ടു പൂട്ടിയ മാനസകോവിലിൽ വാഴിക്കാം
നിന്നെ ഞാൻ ദേവിയായി
മാനത്തു നിന്നു ചിരിക്കുന്ന നക്ഷത്രമുത്തുകൾ കോർത്തു
ഞാൻ മാലയാക്കാം
നക്ഷത്രമാല്യമണിയിച്ച നിന്നെ ഞാൻ നന്ദവനത്തിലേക്കാനയിക്കാം
പൂർണ്ണിമേ നിന്നിലെ പൂന്തേൻ നുകരുവാൻ പൂമ്പാറ്റയായി
ഞാൻ പാറി വന്നാൽ

പൂപ്പുഞ്ചിരിയിലെ പൂന്തേൻ കുഴച്ച നീ പാൽ
നിലാത്തുള്ളിയെനിക്കേകുമോ
സൗഗന്ധികേ, നിന്റെ പൂമേനി പുൽകുവാൻ
സായന്തനക്കാറ്റ് മോഹിക്കുന്നു
സൗവർണ്ണ സുന്ദര സുസ്മിത വദനയാം
നിന്നുടെ സാമീപ്യം തേടുന്നു വന്നീടുമോ
പുഷ്യരാഗത്തിന്റെ കാന്തിയോടെ നിന്റെ പിയൂഷ മാധുര്യം
നുണയുവാൻ ഞാൻ
വസന്തവാനിലാവായ് പാറിപ്പറക്കുവാൻ വെമ്പുന്നു കാതരേ
അണയുമോ നീ
വെമ്പുന്നു കാതരേ അണയുമോ നീ വെമ്പുന്നു കാതരേ
അണയുമോ നീ......

(ചന്ദ്രികേ സ്വന്തം......)



പത്മതീർത്ഥ(9G)

# കുട്ടികളിൽ ലഹരിയുടെ സ്വാധീനം

ഇന്ത്യയിൽ അമ്പതുലക്ഷത്തിൽപ്പരം ആളുകൾ മയക്കുമരുന്നിന് അടിമകളായിത്തീർന്നിട്ടുണ്ടെന്നാണ് ഏകദേശമായി പറയുന്നത്. അതുപോലെ രാജ്യത്തു നടക്കുന്ന പല അക്രമസംഭവങ്ങൾക്ക് പിന്നിലും മയക്കുമരുന്നിന്റെ സ്വാധീനം തന്നെയാണ് സമ്പത്ത് രാഷ്ട്രങ്ങളിലായിരുന്നു അമിത മയക്കുമരുന്നിന്റെ ഉപയോഗം ഉണ്ടായിരുന്നത് എന്നാലത് ഇന്ത്യയിലും വ്യാപകമായിരിക്കുന്നു. യുവാക്കളെയാണ് മയക്കുമരുന്ന് ഏറെ ആകർഷിക്കുന്നത് എന്നായിരുന്നു ആദ്യം. എന്നാൽ ഇപ്പോൾ ഇത് വിദ്യാർത്ഥികളുടെ ഇടയിലും നടക്കുന്നു. പല വർണത്തിലും, ആകർഷകവുമായ കടലാസുകളിലും പൊതിഞ്ഞ മിഠായി രൂപത്തിൽ നൽകുന്ന ലഹരി എന്ന വിപത്തിലേക്കാണ് ഇപ്പോൾ പല കുട്ടികളും വീണുപോകുന്നത്. ആദ്യം ലഹരി കുട്ടികളെ തേടിവരും, പിന്നീട് കുട്ടികൾ ലഹരിയെ തേടി പോകുന്നതാണ് ഇപ്പോൾ. ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ ഒരിക്കലും മോചനം നേടാൻ കഴിയാത്ത സ്ഥിതിയിലെത്തും. മയക്കുമരുന്ന് നമ്മുടെ ഹൃദയത്തിന്റെയും തലച്ചോറിന്റെയും പ്രവർത്തനം മന്ദീഭവിപ്പിക്കും. അപകടകരമായ ആ ലഹരിക്കടിമപ്പെട്ടാൽ ഒരു ഭ്രാന്തനെപ്പോലെ ഭാവിജീവിതം തള്ളി നീക്കേണ്ടിവരും, പല രോഗങ്ങളും വന്ന് മരണത്തിന് വരെ ഇടയാകും. മയക്കുമരുന്നുകൾ ഉപയോഗിച്ചു  ശീലിച്ചവർ അതുകിട്ടാതെ വന്നാൽ അക്രമകാരികളായി മാറാറുണ്ട് .

രാജ്യത്തുനടക്കുന്ന പല കൊലപാതക ങ്ങളുടേയും, പീഡനങ്ങളുടെയും പിന്നിൽ ഈ ലഹരി തന്നെ ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ, തൊഴിലാളികൾ എന്നിവരുടെ ഇടയിലെല്ലാം ഈ തൊഴിൽ വ്യാപകമാവുകയാ ണ് ഇന്ന്.

കുട്ടികളെയാണ് ഇപ്പോൾ മയക്കുമരുന്ന്മാഫിയകൾ ഉന്നം വച്ചിരിക്കുന്നത്. പലകടകളിലും പല മിഠായി രൂപത്തിലുള്ള ലഹരി വസ്തുകൾ വാങ്ങി കഴിച്ച് വിദ്യാർത്ഥികൾ ഇതിന് അടിമപ്പെടുന്നു. ആൺ പെൺ വിത്യാസമില്ലാതെ മയക്കുമരുന്നിന് അടിമകളായവരെപ്പറ്റി ഇപ്പോൾ കേട്ടു തുടങ്ങിയിരിക്കുന്നു. മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനു വേണ്ടി മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവരെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികളുടെ ഓരോ ദിവസവുമുള്ള പ്രവർത്തികളും സ്വഭാവവിശേഷങ്ങളും നിരീക്ഷിച്ചു മനസ്സിലാക്കണം. ചിത്ത കൂട്ടുകെട്ടിനുള്ള സാഹചര്യം ഒഴിവാക്കണം. സ്കൂൾ, കോളേജ് തലങ്ങളിൽ മയക്കുമരുന്നിന്റെ ദുവശങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണം നടത്തണം. ദൃശ്യമാധ്യമങ്ങളിൽ കൂടി ഇതിനെതിരെ പ്രചരണം നടത്തണം. കൂടാതെ സമൂഹമാധ്യമങ്ങളും വിദ്യാർത്ഥികൾ ഇതുപോലുള്ള ലഹരിക്ക് അടിമയാകാൻ കാരണമാകുന്നു സമൂഹമാധ്യമങ്ങളിലൂടെ അറിയാത്ത പല ആൾക്കാരുമായി കുട്ടി സംസാരിക്കാൻ തുടങ്ങുന്നു, ഇതുപോലുള്ള മയക്കുമരുന്നുകൾ കുട്ടികളുടെ കൈയ്യിലെത്താൻ ഇടയാകുന്നു. കൂടാതെ ഈ ലഹരിക്കുവേണ്ടി മാതാപിതാക്കളിൽ നിന്ന് പണം മോഷ്ടിക്കാൻ പോലും തുടങ്ങും ഭാവി തലമുറയ്ക്ക് വേണ്ടി കരുതിവെയ്ക്കുന്ന കുരുന്നു മക്കളെയാണ് ലഹരി എന്ന വിപത്ത് തട്ടിയെടുത്ത് പല കേസുകളിലും പെടുന്നത്.

ഭ്രാന്തമായ ഒരു ലോകത്തെ സൃഷ്ടിക്കാൻ നാം കൂട്ടുനിൽക്കരുത്. മയക്കുമരുന്നുവിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അധികാരികളെ വിവരം അറിയിക്കണം. കുടുംബാംഗങ്ങൾ തമ്മിൽ എന്നും കൂട്ടായി ചർച്ച നടത്തണം. ഒറ്റയ്ക്കിരുന്ന ചിന്തിക്കുന്നവരേയും ഒറ്റയ്ക്ക് കഴിയാൻ ഇഷ്ടപ്പെടുന്നവരെയും പ്രത്യേകം നിരീക്ഷിക്കണം. അവരെ നേരായ വഴിയിലേക്ക് കൊണ്ടുവരണം. ഈ വിഷം ന്ട്ടിൽ പടരാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് പ്രതിജ്ഞയെടുക്കുന്നു.

# മികവാർന്നപ്രവർത്തനവുമായി ചലഞ്ചേഴ്സ് ക്ലബ്ബ്













## കവിത




നാജിയ ഷെറിൻ(10G)

# കാറ്റും മഴയും സല്ലപിച്ചത്

തണുത്ത കാറ്റിൻ പെയ്യും മഴയിൽ
എവിടെയോ ശലഭമായി ഞാൻ
ഇളം കാറ്റിൽ കുരുന്നായി
ഈറൻ മഴയിൽ ശലഭമായി
എങ്ങോ പാറി മതി മറന്നീടാം
ഒരു കുഞ്ഞു മേഘമായി
എൻ നെഞ്ചിൽ നോവ് അണയാൻ
വന്നു മഴത്തുള്ളികൾ
മാനത്തിന്റെ നറുത്തൊട്ടിലിൽ
കുരുന്നായി നടക്കുന്നു മേഘവും കാറ്റും
ഈറൻ മഴയിൽ വന്ന് ഒളിയും
മഴത്തുള്ളി തൻ സ്നേഹസ്പർശം
മഴ തുള്ളികൾക്കായി വന്നിടും ഇളം
കാറ്റിനുണ്ടൊരു സല്ലാപം....

# പൊട്ടുന്നനെ കെട്ടുപോയ പുഞ്ചിരി

## കഥ



ഫാത്തിമത്തുൽ ഫിദ.ടി.കെ(10B)

നിറഞ്ഞ് തുളുമ്പാനായ കാർമേഘം പോലെ സീതയുടെ മുഖംകനത്തുകിടന്നു.

ഏത് നേരവും അത് പൊട്ടാനായി കാത്തിരുന്നത് പോലെ അവളുടെ ചുറ്റും ധാരാളം പേർ വെലിക്കെട്ടി. കടലിന്റെ ആഴങ്ങളിലെ കൂരാകൂരിരുട്ടിലേക്ക് താൻ താഴ്ന്ന് പോയെങ്കിൽ എന്നവളാശിച്ച എല്ല തവണത്തെയുംപോലെ ഓരോ വേലിക്കെട്ട അകന്ന്പോയപ്പോൾ അവളുടെ കാർമേഘത്തിന്റെ കെട്ടഴിഞ്ഞു രക്തക്കര പോലെ അവളുടെ കണ്ണുനീർ അവളുടെ കാർവർണ മുഖത്തേക്ക് ഒലിച്ചിറങ്ങി.

സീത ആൽമരച്ചുവടിലേക്ക് മുറിവേറ്റ പാദത്താൽ നടന്നു. അവളുടെ കണ്ണീരിന് ക്ഷാമം ഉണ്ടായിരുന്നില്ല. കണ്ണീരിന്റെ ഉപ്പുരസം അവളുടെ വരണ്ട തൊണ്ടയെ നനയിച്ചു. അവളുടെ മാൻ പേടക്കണ്ണ് പതിയെ അടഞ്ഞു. ഉറക്കത്തിൽ നിന്നപോലെ അവൾ ഞെട്ടിയുണർന്നു "വേണ്ട, എനിക്ക് എൻറെ ഈ കണ്ണുകളെ വേണ്ടായിരുന്നു കണ്ണടച്ചാൽ പോലും ഇരുണ്ട് ഹോ എന്തിനാണ് ദൈവമേ നീ എന്നെ സൃഷ്ടിച്ചത് എൻറെ നിറം എന്നെ വല്ലാതെ വേദനിപ്പിക്കുന്നു ഞാൻ എല്ലാവരുടെയും മുൻപിൽ ഒരു പാവയായി പോകുന്നു". വിഷമം സഹിക്കാനാവാതെ സീത പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു. അവൾ മെല്ലെ എഴുന്നേറ്റ് തൻറെ വീട്ടിലേക്ക് നടന്നു.

നടത്തത്തിൽ ഉടനീളം അവളുടെ പാദങ്ങൾ വിറച്ചു. വീട്എത്താറായപ്പോഴേക്കും അവൾ കുഴഞ്ഞു വീഴാറായിരുന്നു ഒരുവിധം അവൾ ഉമ്മറപ്പടിയിലേക്ക് ഇരുന്നു. ഇരുക്കുകയല്ല ആയിരുന്നു അവൾ വീഴുകയായി അച്ഛമ്മ ഓടിവന്ന് അവളെ താങ്ങി വൃദ്ധയായെങ്കിലും കൊച്ചുമകളുടെ അവസ്ഥ കണ്ട് അവൾ ആരോഗ്യത്തിലേക്ക് വഴുതി വീഴുകയായിരുന്നു. അച്ഛമ്മയുടെ ആവലാതി കേട്ട് ഉമ്മറകോലായിലേക്ക് വന്ന അമ്മ മകളുടെ ദയനീയ അവസ്ഥ കണ്ട് വെള്ളമെടുക്കാൻ അടുക്കളയിലേക്ക് ഓടി. തണുത്ത വെള്ളവുമായി അമ്മ ഓടി വരുമ്പോൾ ആ വൃദ്ധയുടെ കണ്ണുകൾ രണ്ട് നീരുറവയായി ഒഴുകുന്നുണ്ടായിരുന്നു.അമ്മ വേഗം സീതയുടെ മിഴിവാർന്ന മുഖത്തേക്ക് വെള്ളം തളിച്ചു.ദീർഘ സ്വപ്നത്തിലെന്നപോലെ അവളുടെ മാൻപേടക്കണ്ണ് ചലിച്ചു."എന്തുപറ്റി എന്റെകുട്ടിക്ക് നീ ഇങ്ങനെ ആവാൻ മാത്രം എന്തു സംഭവിച്ചു മോളെ ഓ എന്റെ കൃഷ്ണാ എൻറെ കുട്ടിക്ക് ഒരാപത്തും നീ വരുത്തല്ലേ" വൃദ്ധയായ അമ്മ വ്യസനത്തോടെ മനംനൊന്ത് പറഞ്ഞു.

സീത എഴുന്നേറ്റ് മെല്ലെ തൻറെ മുറിയിലേക്ക് നടന്നു. അവളുടെ കാലിൽ നിന്ന് ചോര ഒലിക്കുന്നുണ്ടായിരുന്നു. മുറിയിൽ എത്തിയ അവൾ താനെന്നും സ്നേഹിക്കുന്ന അച്ഛൻറെ ഫോട്ടോ എടുത്തു നോക്കിയിരുന്നു. ഒന്നും സംസാരിക്കുന്നില്ലെങ്കിലും അവളുടെ മനസ്സ് കാണാൻ അച്ഛന് കഴിയുമായിരുന്നെന്ന് അവൾ വിശ്വസിച്ചിരുന്നു. "അച്ഛാ" അവളുടെ കളമ്പക്കയിലിന്റെ ദയനീയമായ ശബ്ദത്താൽ അവൾ വിളിച്ചു. ആ ഒരു വിളിയിൽ മാത്രം നൂറു കാര്യങ്ങൾ ഉണ്ടായിരുന്നു.

രാത്രി അമ്മ വന്നു അത്താഴം കഴിക്കാൻ നിർബന്ധിച്ചെങ്കിലും അവൾ അനുസരിച്ചില്ല. ഇരുണ്ട രാത്രിയെപ്പോലും അവൾ ഭയന്നിരുന്നു. ലോകമെത്രയൊക്കെ ഉന്നതിയിൽ എത്തിയാലും മനുഷ്യനും അവനിലെ വേർതിരിവും നശിക്കുന്നില്ല എന്ന യാഥാർത്ഥ്യം അവൾ മനസ്സിലാക്കി. ഒലിച്ചിറങ്ങിയ കണ്ണീരിന്റെ ഉപ്പ് രസം കൊണ്ട് അവൾ മെല്ലെ കണ്ണുകൾ അടച്ചു. വേദന കൊണ്ട് ആ കുഞ്ഞു ഹൃദയം പൊട്ടി ഉരുകുകയായിരുന്നു. അങ്ങനെ അഗാധമായ ഉറക്കത്തിലേക്ക് അവൾ തെന്നി വീണു.

# സ്കൂൾ വാർത്തകൾ


29 SEPT 2023


NEWS WAYANAD
ഫുട്ബോൾ ക്യാമ്പ് ആരംഭിച്ചു


2023 DEC 22
WAYANAD
open Newser
ഗോത്ര ജാലകം 2023;
സഹവാസ ക്യാമ്പ് നടത്തി


2024 FEB 09
WAYANAD
open Newser
കുടനിർമ്മാണ
പരിശീലനം നൽകി

# ആസ്വാദനക്കുറിപ്പ്



ശ്രീദേവി.പി(9E)

## തുമ്പപ്പൂ

മാനിച്ചോരോരോ മലരുകൾ വന്നു
മാബലിദേവനെയെതിരേൽക്കാൻ
തങ്കച്ചാറിൽ തനുമിന്നും പടി
മുങ്ങിച്ചെന്നു മുക്കുറ്റി.
ആമ്പലിനുണ്ടു കിരീടം നെല്ലി-
ക്കാഴികിലുമുണ്ടേ സൗരഭ്യം.

-വൈലോപ്പിള്ളി

മലയാളത്തിലെ പ്രശസ്ത കവിയായ വൈലോപ്പിള്ളി രചിച്ച തുമ്പപ്പൂ എന്ന കൃതിയിലെ ചില വരികളാണിവ.

പ്രകൃതി സൗന്ദര്യത്തെ കുറിച്ച് പാടിപ്പുകഴ്ത്തി വൈലോപ്പിള്ളി ശ്രീധരമേനോൻ ഓണത്തിൻറെ വരവേൽപ്പിനെ കുറിച്ച് വർണ്ണിക്കുന്നു.

ഓണത്തപ്പനെ വരവേൽക്കാനായി അഭിമാനത്തോടെ ഓരോരോ പൂക്കൾ വരുന്നു. മുക്കുറ്റി കുട്ടതൽ ഭംഗിയോടെ നിൽക്കുന്നു. കിരീടം പോലെ നിൽക്കുന്ന ആമ്പൽ പൂ സൗരഭ്യം പരത്തിക്കൊണ്ട് നിൽക്കുന്നു പ്രകൃതി പോലും മാവേലി ദേവനെ എതിരേൽക്കാൻ തയ്യാറായിക്കഴിഞ്ഞു.
എവിടെ നോക്കിയാലും പൂത്തുലഞ്ഞു മനുഷ്യ മനസ്സുകളിലും ഇത്തരം തയ്യാറെടുപ്പുകൾ വേണമെന്ന് കവി ചൂണ്ടിക്കാട്ടുന്നു. പ്രകൃതിയുടെ മാറിമാറി വരുന്ന പ്രകൃതി പ്രതിഭാസങ്ങളെയാണ് നമുക്ക് കാണാൻ കഴിയുന്നത്.

### അറിവുകൾ

1) *വിവര സാങ്കേതിക വിദ്യയുടെ പിതാവ്?*
2) *ഇന്ത്യൻ വിവര സാങ്കേതിക വിദ്യയുടെ പിതാവ്?*
3) *ആദ്യ കമ്പ്യൂട്ടർ സാക്ഷരതാ ഗ്രാമ പഞ്ചായത്?*
4) *കേരളത്തിലെ ആദ്യ കമ്പ്യൂട്ടർവൽകൃത പഞ്ചായത്ത്?*

### ഉത്തരങ്ങൾ

1. ക്ലൗഡ് ഷാനോൻ
2. രാജീവ് ഗാന്ധി
3. ചമ്രവട്ടം
4. വെള്ളനാട്

## കവിത

ശ്രേയ.പി(9E)



# വിവാഹം

വിവാഹാലോചനകൾ നടക്കുമ്പോൾ
മുൻഗണന കൊടുക്കുന്നത്
പുറംസൗന്ദര്യത്തിനോ സമ്പത്തിനോ
അല്ലാതെ പരസ്പര സ്നേഹത്തിനും
കരുതലിനും ആയാൽ
അത് തിരിച്ചറിഞ്ഞിട്ടായാൽ
വിവാഹമോചനങ്ങളും വിവാഹേതര
ബന്ധങ്ങളും കുറഞ്ഞു കിട്ടും

### അറിവുകൾ

1) അക്ഷയ പദ്ധതി ആദ്യമായി നടപ്പാക്കിയ ജില്ല?

2) ആദ്യ കമ്പ്യൂട്ടർ വൈറസ്?

3) ആദ്യ മൊബൈൽ വൈറസ്?

4) ലോക കമ്പ്യൂട്ടർ സുരക്ഷാ ദിനം?

5) ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം?

6) ഇന്ത്യ വികസിപ്പിച്ച ആദ്യ വെബ് ബ്രൗസർ?

### ഉത്തരങ്ങൾ

1.മലപ്പുറം


2.ക്രീപ്പർ

3.കബീർ

4.നവംബർ 30


5.ഡിസംബർ 2

6.എപ്പിക്ക്




അനന്തു സി.എച്ച്( 7B)

# ചിത്രരചന







## കഥ

ആദിത്യ പ്രതീഷ്(10G)



# കൊഴിയുന്ന ഇല

ഏകാന്തതയും നിശബ്ദവുമായ ആ കുറച്ച് നിമിഷങ്ങൾ. അവൾ അവളുടെ ജീവിതത്തിലെ സുന്ദരയാമത്തിൽ പാറിനടക്കുകയാണ്. കാറ്റിന്റെ ദിശ ജനലിലൂടെ അവളുടെ മൃദുലമായ മുടിക്കിടയിലൂടെ ഒഴുകിനടക്കുന്നു. ചുരുളഴിഞ്ഞു വീണപോലെ കാറ്റിന്റെ ഇരമ്പം ജനലിൽ വന്നടിച്ച് അവൾ ഞെട്ടിയുണർന്നു. ആകാശവും മരങ്ങളും മനുഷ്യരും ഗാഢനിദ്രയിവാണ്. സമയം അർധരാത്രിയോടടുത്തു. അപ്പോഴും അവളുടെ മനസ്സിൽ തൃപ്തികരിക്കാൻ കഴിയാത്ത അവളുടെ ആഗ്രഹങ്ങളും തിങ്ങിനിറയുകയായിരുന്നു. ആ വലിയവീട്ടിലെ നാലുചുമരിനുള്ളിൽ തളച്ചിട്ടപ്പോലെ ഉരുകകയാണ് അവളുടെ മനസ്സ്.

അച്ഛനും അമ്മയും അവളുടെ ഇരുപതാം വയസ്സിൽ നഷ്ടപ്പെട്ടതോടെ ജീവിതെ ഇലകൾ കൊഴിഞ്ഞ മരം പോലെ വന്നു ചേർന്നു. ഇലകൾ ഇല്ലാത്ത ആ മരത്തിന് ഒരു അർത്ഥം ഇല്ല എന്ന ചിന്തകൊണ്ട് അവളുടെ മനസ്സിന്റെ താളം തെറ്റുന്നതുപോലെ തോന്നി. ഒരു നർത്തകിയെ അവൾക്ക് തന്നെ നശിപ്പിക്കാൻ കഴിയും..........

ആ ഇരുപതാം വയസ്സോടെ അവളുടെ നൃത്തം എന്ന സ്വപ്നം അവൾക്ക് പകുതിയാക്കാനെ കഴിഞ്ഞുള്ളൂ. മാതാപിതാക്കളുടെ വേർപാടോടെ അവളുടെ അമ്മാവൻമാർ അവരുടെ കുടുംബം ആയിരുന്നു താമസിച്ചത്. മുറിയിൽ നിന്ന് പുറത്തിറങ്ങാൻ പോലും അവൾക്ക് ആഗ്രഹം ഇല്ലായിരുന്നു. ഒരു അന്യയെ പോലെ കാണുന്നത് കൊണ്ട് അവൾക്ക് ഒന്നിനോടും താൽപര്യം ഇല്ലായിരുന്നു.

ഓരോ ദിവസവും കഴിയുന്തോറും ചിന്തകൾ കൂടിയിരുന്നു. പിന്നീട് ഒരു രാത്രി ജനലിന്റെ കമ്പികൾ പിടിച്ച് പുറത്തു നോക്കുമ്പോൾ അവൾക്ക് തോന്നി ഒരു ഇല കൊഴിഞ്ഞ മരത്തിൽ ഇനിയും തളിർ വളർന്നു വെറില്ലെ എന്ന ചിന്ത. ആ തളിർ ഇലകൾ ആണ് ഇനിയും പൂത്തുണരാൻ ഉള്ളത്. പിന്നീട് അവൾ അവളുടെ ജിവീത ലക്ഷ്യത്തിനു വേണ്ടി പോരുതികൊണ്ടിരുന്നു.

# ആസ്വാദനക്കുറിപ്പ്



ഫാത്തിമ തഹസിൻ(9F)

## സൗന്ദര്യലഹരി

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി
ട്ടെത്രകാലമാ, യെന്നാലിനിയും തീർന്നില്ലല്ലോ
ഓരോരോ ദിവസവുമത്യനർഘമായീട്ടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൾ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ
പൂർവദിങ്ങ്മുഖത്തിങ്കൾ സിന്ദൂരപൂരം  പൂശി
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും
മുല്ലമൊട്ടുകൾ വാരി വാനിങ്കൾ വിതറിക്കൊ
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും
വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ  കുളിച്ചെത്തിടും രജനിയും
എന്തിനിപ്രകൃതിയിൽ  സൗന്ദര്യമയമായു
ള്ളെന്തും, ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു
കുളിർത്ത മണിത്തെന്നൽ  സൗരഭോന്മാദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവേ
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി
ത്തൻതിരകളാൽ താളംപിടിച്ചു  പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ
മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി
മുരളും തേനീച്ചകൾ പറന്നുകളിക്കവേ
വല്ലികാനടികൾ  നൽ പല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ
അറിയാതവരോടുകൂടി നമ്മളു, മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു
ഈവിധം മനോഹരവസ്തുക്കളെല്ലാം, നമ്മെ
ജ്ജീവിക്കു, ജീവിക്ക കെ, ന്നുദ്ബോധിപ്പിപ്പൂ നിത്യം.

ബാഷ്പാഞ്ജലി– ചങ്ങമ്പുഴ  കൃഷ്ണപിള്ള

മലയാള പ്രശസ്തകവിയായ ചങ്ങമ്പുഴയുടെ ബാഷ്പാഞ്ജലി എന്ന കൃതിയിലെ ഒരു ഭാഗമാണ് സൗന്ദര്യലഹരി എന്ന കവിത.വിലമതിക്കാനാവാത്തതും അതിമനോഹരമായതുമായ പ്രകൃതിസൗന്ദര്യമാണ് നിത്യവും നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതെന്ന് കവി ഈ കവിതയിൽ പറയുന്നത്.

പച്ചിലച്ചാർത്തിന്റെ ഇടയിലൂടെ നിന്ന് കാണുമ്പോൾ പടിഞ്ഞാറെ ആകാശം പനിനീർപ്പൂന്തോട്ടങ്ങൾ പോലെയാണെന്നാണ് കവി പറയുന്നത്. ഇവിടെ അസ്തമയസൂര്യനെ കുറിച്ചാണ് പറയുന്നത്. കവി ഇത്തരം സൗന്ദര്യം നുകരാൻതുടയിട്ടെത്ര കാലമായിട്ടും തീരുന്നില്ല എന്ന് കവി പറയുന്നു. പ്രകൃതിയ്ക്ക് ഓരോ ദിവസവും പുതുമ കൂടാറുണ്ട്. കിഴക്ക് ദിക്കിൽ നിന്നും സൂര്യൻ സിന്ദൂരപൂരം പൂശി പൂക്കളെ ചിരിപ്പിച്ചുകൊണ്ട് പുലരി വന്നെത്തുന്നതും, ആകാശത്ത്  നക്ഷത്രങ്ങളാകുന്ന മുല്ലമൊട്ടുകൾ വാരി വാനിൽ മുഴുവനും വിതറിക്കൊണ്ട് സന്തോഷത്തോടു കൂടി വരുന്ന സന്ധ്യാശ്രീയും,   പൂർണ്ണചന്ദ്രൻ ഒഴുക്കുന്ന പൂനിലാവിൽ കുളിച്ചെത്തുന്ന രാത്രിയും, ഇത്തരത്തിലുള്ള പ്രകൃതി സൗന്ദര്യങ്ങൾ നമ്മുടെ ജീവിതത്തെ മധുരിപ്പിച്ചിടുന്നു. തളിരണിഞ്ഞ് നിൽക്കുന്ന വൃക്ഷങ്ങളുടെ സുഗന്ധം പരത്തിക്കൊണ്ട് വരുന്ന മണിത്തെന്നലും കാട്ടിലെ പൂഞ്ചോലകൾ തന്റെ ഉള്ളറയിൽ ആകാശത്തെ ഏന്തി സ്വന്തം തിരകളാൽ താളംപിടിച്ച് പാടിപ്പാടി പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നിച്ചിതറുന്നതുപോലെ ഒഴുകുന്നു,ഇത് ഒരു നയനാന്തരമായ കാഴ്ചയാണ് തേൻതുളുമ്പുന്ന പൂക്കൾക്കും ചുറ്റുംകൂടി തേനീച്ചകൾ പറന്നുകളിക്കുന്നതും തളിരുസമൃദ്ധമായ വല്ലിച്ചെടികൾ ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്യുന്നതും, കവി  ഇവിടെ മാനുഷിക ഭാഗമാണ് നൽകിയിരുക്കുന്നത്. ഇവയെല്ലാം പകരുന്ന പരമാനന്ദപ്രവാഹത്തിൽ നാമറിയാതെ മുഴുകിപ്പോകുന്നു. ഈ പ്രകൃതിസൗന്ദര്യം നിത്യവും ജീവിക്കു, ജീവിക്കു എന്ന് നമ്മെ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു.

# ചിത്രരചനകൾ

ശ്രേയ.പി(9E)





## ലേഖനം



സുനിഷ സുബ്രഹ്മണ്യൻ(9E)

# ലഹരി പുതിയ മേഖലകൾ

ലോകത്തിൽ പുതിയതായി കുട്ടികളിലും മുതിർന്നവരിലും തുടങ്ങിയിട്ടുള്ള ഒരു പ്രവണതയാണ് ലഹരി. മുതിർന്നവരിൽ നിന്നാണ് ഇത് കുട്ടികളിലേക്ക് എത്തുന്നത്. സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ ആണ് ഇതിന്റെ ഉപയോഗം കൂടുതൽ.സ്കൂൾ വിട്ടു വരുമ്പോൾ കുട്ടികൾക്ക് മിഠായി ചോക്ലേറ്റ് എന്നീ രൂപങ്ങളിലാണ് കൊടുക്കുന്നത്. ആദ്യം ഫ്രീയായിട്ട് കൊടുക്കും പിന്നീട് അതിൽ അടിമപ്പെട്ടു എന്ന് മനസ്സിലാക്കുമ്പോൾ പണം വേണമെന്ന് ആവശ്യപ്പെടുന്നു. കുട്ടികൾ വീട്ടിൽ കള്ളം പറഞ്ഞ് പണം വാങ്ങിക്കുകയും അത് ലഹരിക്കാവശ്യമായി ഉപയോഗിക്കുകയും ചെയ്യുന്നു. ലഹരി കുട്ടികൾക്ക് മാത്രമല്ല മുതിർന്നവരുടെ കുടുംബത്തിന് വലിയൊരു പ്രശ്നം കൂടിയാണ് ലഹരി. മുതിർന്നവരിൽ കണ്ടുവരുന്ന ലഹരി എന്ന് പറയുന്നത് മദ്യപാനമാണ്. കൂലിപ്പണിയെടുത്ത് കുടുംബം പുലർത്തുന്നവരാണ് കൂടുതൽ മദ്യപാനത്തിന് ഇരയാവുന്നത് പിന്നീട് ഡ്രഗ്സ് പോലെയുള്ള ലഹരിപദാർത്ഥങ്ങൾക്ക് ഇരയാവുക. മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണ് എന്ന് പറയുന്നത്.മദ്യപിക്കുമ്പോൾ കരൾ, കിഡ്നി, ഹൃദയം എന്നിവയ്ക്ക് വലിയ അപകടമാണ്. ലഹരിക്ക് അടിമപ്പെട്ടാൽ അമ്മയേത് അച്ഛനേത് അനിയത്തിമാർ എന്നിവർ എന്നൊന്നും ഇവർക്ക് അറിയേണ്ടതില്ല. ഇവർ കുടുംബത്തിലെ ഓരോ അംഗങ്ങളെയും കൊല്ലാനും മടിക്കില്ല.

ലഹരി എന്നു പറയുന്നത് ഒരു സാമൂഹിക വിപത്താണ് കുടുംബങ്ങളെയും സുഹൃത്ത് ബന്ധങ്ങളെയും രണ്ടു ഭാഗങ്ങൾ ആക്കാൻ കഴിയുന്ന ഒരു വലിയ വിപത്താണ് ലഹരി.

മയക്കുമരുന്ന്,കഞ്ചാവ്, സിഗരറ്റ്, ഡ്രഗ്സ്, മദ്യം അങ്ങനെ കുറെയേറെ അടങ്ങിയിരിക്കുന്നതാണ് ലഹരി.

കോളേജുകളിലും, സ്കൂളുകളിലും പഠിക്കുന്ന വിദ്യാർഥികളുടെ രക്ഷകർത്താക്കൾ കുട്ടികളോട് അതിന്റെ ദുരുപയോഗത്തെപ്പറ്റി പറഞ്ഞു കൊടുക്കുകയും ദിവസവും എന്താണ് സംഭവിക്കുന്നത് എന്നും ചോദിച്ച് മനസ്സിലാക്കുക അല്ലെങ്കിൽ ആ ഒരു കാരണം ആരോടും പറയാൻ കഴിയാതെ കുട്ടികൾക്ക് പ്രയാസം ഉണ്ടാകും. അങ്ങനെ ഒരു ലഹരിക്ക് അടിമയാവാൻ കഴിയാത്ത കുട്ടികൾക്ക് ആരോടും പറയാൻ കഴിയാതെ ബുദ്ധിമുട്ടി അവർ പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയില്ല. പണ്ടത്തെ നൂറ്റാണ്ടിൽ ഉള്ള ലഹരി എന്നു പറഞ്ഞാൽ നിസ്സാര കാര്യമാണ് പുകയില കഞ്ചാവ് അങ്ങനെയുള്ള സ്ട്രോങ്ങ് കുറഞ്ഞ പദാർത്ഥങ്ങളാണ് എന്നാൽ ഈ കാലഘട്ടത്തിൽ വളരെയേറെ മാറ്റങ്ങൾ കൊണ്ടുവരുന്നു. ഉദാ: മയക്കുമരുന്ന്, മദ്യം, സിഗരറ്റ്, എംഡിഎംഎ ഇങ്ങനെ തുടങ്ങി അവസാനം ഇല്ലാതെ പോകുന്ന ഒരു വിപത്താണ് ലഹരി. മയക്കുമരുന്നുകൾ തന്നെ കൂടുതലാണ് മയക്കുമരുന്നിന്റെ ഉപയോഗവും പിഞ്ചുകുഞ്ഞുങ്ങളെ വരെ മയക്കുമരുന്നിന്റെ സാന്നിധ്യത്തോടെയാണ് തട്ടിക്കൊണ്ടുപോകുന്നത്. കോളേജിൽ പഠിക്കുന്ന കുട്ടികൾ കഞ്ചാവ് നട്ടുവളർത്തുക ആയിരുന്നു പതിവ് എന്നാണ് ഇപ്പോൾ സിറിഞ്ചിലൂടെ നമ്മുടെ ഓരോ ഞരമ്പിലേക്ക് ശരീരത്തിലെ എല്ലാ ഭാഗങ്ങളിലേക്കും എത്തുന്നു. അത് ഈ കാലഘട്ടത്തിൽ വളരെ അധികം ഉപയോഗിക്കുന്നുണ്ട്. ഈ ലോകത്തിൽ ലഹരിയുടെ വലിയൊരു ഉപയോഗം തന്നെയുണ്ട്. ഈ കാലഘട്ടത്തിൽ ഇതിനൊരു പരിഹാരം

ഉണ്ടാക്കിയാൽ മാത്രമാണ് ഇനിയുള്ള തലമുറയ്ക്ക് നന്നായി ജീവിക്കാൻ കഴിയൂ. കുട്ടതലും കണ്ടുവരുന്നത് പുരുഷന്മാരിൽ മാത്രമായിരുന്നു ഇപ്പോൾ പക്ഷേ സ്ത്രീകളും ലഹരിയുടെ ഉപയോഗം കൂടിയിരിക്കുന്നു. അറിയാതെ ചാടുന്നവരും ലഹരിയിലേക്ക് സ്വയം നീങ്ങുന്നവരും ഉണ്ട് നമ്മൾ സ്വയം സൂക്ഷിക്കുക. ആദ്യമേ ലഹരിക്ക് അടിമപ്പെട്ടിരിക്കുന്നവർ അവരുടെ സുഹൃത്തിനെയും അവരുടെ സുഹൃത്തിനെയും കൊണ്ട് വന്ന് നിർബന്ധിപ്പിച്ച് കൊടുക്കുകയും അതിന്റെ രുചിക്ക് അടിമപ്പെട്ട് വീണ്ടും ആവർത്തിക്കുകയും ചെയ്യുന്ന അതിലൂടെ നമ്മൾ ഇടയാവരുത്. അടുത്ത വീട്ടിൽ ആരെങ്കിലും അടിമപ്പെട്ടിട്ടുണ്ടെങ്കിൽ ഉടനെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്. പുതിയ തലമുറയുടെ ഈ ലഹരിക്ക് അടിമപ്പെടുന്നവരുടെ പീഡനത്തിനിടയാവുന്ന പിഞ്ചുകുട്ടികൾ. ലഹരിക്ക് അടിമയായി കൊല്ലുന്ന കുട്ടികളും മുതിർന്നവരും ഒരിക്കലും നമ്മൾ സമ്മതിക്കരുത്. പുതിയ തലമുറയിൽ സംഭവിച്ചത് ചെറിയ കാര്യങ്ങൾ ഒന്നുമല്ല. സ്വന്തം കുട്ടിയെ തലയ്ക്ക് അടിച്ചുകൊന്ന ക്രൂരന്മാരായ ജനങ്ങളും, അഞ്ചു വയസ്സുള്ള കുഞ്ഞിനെ പീഡിപ്പിച്ചു കൊന്നു ചാക്കിൽ മാലിന്യ കൂമ്പാരത്തിനു മുകളിൽ കളഞ്ഞ ജനങ്ങളും ആണ് ഈ ലോകത്ത്. ആരെയും വിശ്വസിക്കരുത് പെൺകുട്ടികൾക്കും ഈ സമൂഹത്തിൽ ഇറങ്ങി നടക്കണം ആരെയും പേടിക്കാതെ അങ്ങനെ ഒരു സാഹചര്യം നമ്മൾ ഒരുക്കണം. എന്നാൽ വിശ്വസിക്കാൻ കഴിയാത്ത പെൺകുട്ടികളും ഉണ്ടാവാം നമ്മൾ ഒരിക്കലും അപകടത്തിൽ വീഴരുത്.

പുതിയ മേഖലയിലെ ലഹരിയെ ഞാൻ വെറുക്കുന്നു. സ്വന്തം അനിയത്തിയാണോ എന്നുപോലും നോക്കാതെ മയക്കുമരുന്നിന്റെ മൂർച്ചയോടെ സ്വന്തം ബന്ധങ്ങൾ അറ്റുപോകുന്ന ഒരു ആയുധമാണ് ലഹരി. ലഹരി ഉപയോഗിക്കുന്ന ഒരു വ്യക്തിക്ക് അഞ്ചു മിനിട്ടു പോലും അതില്ലാതെ ജീവിക്കാൻ കഴിയില്ല. ഏകദേശം ഒരു 30 മിനിറ്റ് വരെ. അവർ പറഞ്ഞത് വന്നില്ലെങ്കിൽ അവർക്ക് അവരെ തന്നെ നിയന്ത്രിക്കാൻ കഴിയില്ല. അത് കിട്ടിക്കഴിഞ്ഞാ അവരുടെ ജീവൻ കയ്യിൽ കിട്ടിയ ആശ്വാസം പോലെയാണ്. മയക്കുമരുന്ന് ഒരു സിറിഞ്ചിലൂടെ അവരുടെ ശരീരത്തിലെ അവയവങ്ങളിലേക്ക് കുത്തി ഇറക്കുന്നത് കണ്ടുകഴിഞ്ഞാൽ നമ്മൾ ഒരു കാരണവശാലും അവിടെ നിൽക്കരുത് ഉടനെ പോലീസിൽ അറിയിക്കുക. ആ പിഞ്ചു കുട്ടികളുടെ ജീവൻ നിലച്ചത് പോലെ ഇനി ഒരിക്കലും ഒരു കുട്ടിയുടെയും ജീവൻ നിലക്കരുത്. അതിനായി അടുത്ത തലമുറയ്ക്ക് ലഹരിയുടെ ഒരംശം പോലും ബാക്കി വയ്ക്കരുത്. ഇനിയും സ്വയം മരിക്കുകയും അമ്മയെയും ഭാര്യയെയും കുടുംബത്തിലെ ഓരോ അംഗങ്ങളെയും കൊല്ലുകയും ചെയ്യുന്ന പ്രവണത വരാത്ത നിലയിൽ നമ്മൾ പൊരുതണം. നമ്മളുടെ സുഹൃത്ത് നമ്മളുടെ കുടുംബക്കാരോ ആരെങ്കിലും ഉണ്ടെങ്കിൽ നമ്മൾ പെട്ടെന്ന് തന്നെ പരിഹാരം കാണണം. പണ്ടത്തെ തലമുറയ്ക്ക് ഇത് വെറും ഒരു ചെറിയ സാധനങ്ങൾ മാത്രമാണ്. പുതിയ മേഖലകളിൽ ഉള്ളത് അതിമാരകമായ വിഷം തന്നെയാണ്. ഇതിന് പൊരുതാൻ ഞാൻ തയ്യാറാണ്. ഇനി ഒരിക്കലും നമ്മൾ ഈ പ്രവർത്തി ആവർത്തിക്കുകയില്ല എന്ന് പ്രതിജ്ഞ എടുക്കുകയും അത് നടപ്പിലാക്കുകയും ചെയ്യണം. ലഹരി നമ്മളിൽ ഓരോരുത്തരെയും ഇല്ലാതാക്കുന്നു. ഇത് നമുക്ക് വേണമെങ്കിൽ ഓരോ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആ പ്രവർത്തനത്തിലൂടെയും നമുക്ക് ഇത് നിർത്തലാക്കാൻ കഴിയും. ആദ്യം വിദ്യാർഥികളിൽ നിന്നും നിർത്തലാക്കണം അതിനുവേണ്ടി വിദ്യാലയങ്ങളിൽ കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിക്കാം. വിദ്യാലയങ്ങളിൽ മാത്രമല്ല ഓരോ പ്രദേശത്തും വളരെ സമയം കുടുംബാംഗങ്ങൾ എല്ലാവരും ഒന്നുകൂടി എല്ലാവർക്കും കൊടുക്കണം. കുട്ടികൾ പുറത്ത് രാജ്യത്തിൽ പഠിക്കാൻ പോകുകയാണെങ്കിൽ കൂടി അവരുടെ മാതാപിതാക്കൾക്ക് പേടിയാണ് അവർ ലഹരിക്ക് അടിമയാകുമോ. അടിമയായവർ ക്രൂരമായി മർദ്ദിക്കുകയോ എന്നെല്ലാം ഭയമാണ്. ലഹരി ഉപയോഗിച്ച് രോഗം ബാധിക്കുകയും അവർ മരണപ്പെടുകയും ചെയ്യുന്നു. ലഹരി ഉപയോഗിക്കുന്നവർക്ക് അപ്പോൾ കിട്ടുന്ന സുഖം മാത്രം പിന്നീട് കരയാനും മരണത്തിലേക്കാണ് കുട്ടിക്കൊണ്ടുപോകുന്നത് വൈകിയാവും അവർക്ക് മനസ്സിലാവുക. ഇതിനെല്ലാം കാരണം ലഹരി ഒറ്റ

# സ്പോട്സ്


സച്ചിൻ റോയി
കേരള ടീമിലേക്ക്


BREAKING NEWS




open
ജില്ലാതല മിനി ഫുട്ബോൾ ചാമ്പ്യൻഷിപ്പ്


ബാസ്കറ്റ്ബോൾ ചലഞ്ച് നടത്തി


open
സൈക്കിൾ പോളോ മത്സരത്തിൽ
മികച്ച നേട്ടം കരസ്ഥമാക്കി

## കവിത

നദഫാത്തിമ.എം.കെ(9A)



# നൃത്തം ആടുന്ന മഴത്തുള്ളികൾ

പ്രകൃതിദുഃഖ സമയങ്ങളിൽ
കണ്ണീരൊലിച്ചെത്തും മഴയെ
തൻ സങ്കട വേളയിലും എത്ര സുന്ദരമാണ്
എൻ കാഴ്ച്ചയിൽ നിന്നെ
തൻ ജീവിത കൂട്ടാളിയായി ഇടുന്ന കാറ്റ്
തൻ ദുഃഖസമയങ്ങളിൽ ഇല്ലി
മരങ്ങൾക്ക കൂടെ നൃത്തമാടീടുന്നു
മരങ്ങൾക്കും ചെടികൾക്കും കൂടെ നൃത്തമാടി
പ്രകൃതിയെ സന്തോഷിപ്പിച്ചിടുന്നു
തൻ ദുഃഖത്തിൽ ഒത്തുചേരാത്ത കൂട്ടാളി
തൻ ജീവിതകാലം മുഴുവൻ സുഹൃത്തായി
തൻ  കൂടെ  ഉണ്ടാകുമോ
തൻ സുഹൃത്തിനെ വിശ്വസിക്കാമോ?

# നല്ലപാഠം


കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ പനമരം ഗവ. സ്കൂളിലെ നല്ലപാഠം


കാൻസർ രോഗികൾക്കായി മുടി മുറിച്ച് പനമരം ഗവ. സ്കൂളിലെ നല്ലപാഠം


വൃദ്ധമന്ദിരത്തിൽ നിത്യോപയോഗസാധനങ്ങൾ നൽകി പനമരം ഗവ. എച്ച്എസ്എസ് നല്ലപാഠം

# അനുഭവക്കുറിപ്പ്

സുനിഷ സുബ്രഹ്മണ്യൻ(9E)



അതിരാവിലെ മഞ്ഞുമൂടിയ വയലോരങ്ങളിലൂടെ നെൽക്കതിരുകളെയും തൊട്ട് തലോടി വയൽ വരമ്പിലൂടെ നടന്നു തുടങ്ങി. തൊട്ടടുത്തൊരു ആമ്പൽ കുളത്തിൽ മീനുകൾ തുള്ളിച്ചാടി ഉല്ലസിക്കുന്നു. അതിൽ ആനന്ദഭരിതരായ ഞങ്ങൾ ആ വലിയ ലോകത്തേക്ക് എത്തിക്കഴിഞ്ഞിരുന്നു . എന്റെ ഏറ്റവും പ്രിയപ്പെട്ട ലോകം അതാണ് പച്ചപ്പ് നിറഞ്ഞ ആ മലയോരങ്ങളിൽ കാറ്റുകൾ മൂളിപ്പാട്ട് പാടുന്നത് പോലെ ആ മലമുകളിൽ ഇരുന്ന് പ്രകൃതിയാകുന്ന അമ്മയെ കാണാം.

പുഴയോരത്തെ മരങ്ങൾ കാറ്റത്ത് ഇളകിയാടി നൃത്തം ചെയ്യുന്നു .വൃക്ഷങ്ങളുടെ സങ്കടങ്ങൾ കേൾക്കാൻ കഴിയുന്നതുപോലെ ഇളങ്കാറ്റ് സുഗന്ധങ്ങൾ കൊണ്ടുപോകുന്നതുപോലെ ഓരോരോ തോന്നൽ, പക്ഷികൾ മരങ്ങളോടും മരങ്ങൾ പക്ഷികളോടും സങ്കടവും, സന്തോഷവും പങ്കുവയ്ക്കുന്നു.

# കവിത



ശ്രേയ.പി(9E)

**ചാച്ചാജി**

പനിനീർ പൂവിന്റെ കൂട്ടുകാരൻ
പഞ്ചശീലത്തിന്റെ പാട്ടുകാരൻ
കുട്ടികൾക്കൊക്കെയും തോഴനാണ്
ഭാരത നാടിന്റെ രത്നമാണ്
എന്നും കെടാത്ത ഒരു ദീപമാണ്
നമ്മുടെ സ്വന്തം ചാച്ചാജി


malanadnewsonline
27 NOV 2023
അടൽ ടിങ്കറിംഗ് ലാബ്
ഉദ്ഘാടനം ചെയ്തു


JAN 08
റിപ്പബ്ലിക് ദിന പരേഡ് വീക്ഷിക്കാൻ
പനമരം ജി.എച്ച്.എസ്.എസിലെ
അരവിന്ദും


വാർത്തകളും പരസ്യങ്ങളും
നൽകുവാൻ 790 799 2373
17 OCT 2023
വിദ്യാർത്ഥികളുടെ ചെണ്ടമേളം
അരങ്ങേറ്റം വേറിട്ട അനുഭവമായി


BREAKING NEWS
പനമരം
October 10
ദേശീയ തപാൽ ദിനത്തിൽ
വിദ്യാഭ്യാസ മന്ത്രിയ്ക്ക്
കത്തെഴുതി "നങ്ക മനെ" ഗോത്ര
ക്ലബ്ബിലെ വിദ്യാർത്ഥികൾ...


www.2newsar wayanad.com
08 NOV 2023
അമൽ ജീവന് ആദരവുമായി
പനമരം കുട്ടി പോലീസ്



## ആസ്വാദനക്കുറിപ്പ്

സുനിഷ സുബ്രഹ്മണ്യൻ(9E)

# സ്കൂൾ ബാർ

എവിടെ ഞാൻ നട്ട വേപ്പ്, റോസാ ചെടി,
എവിടെ എൻറെ പ്രിയപ്പെട്ട ചെമ്പകം?
എവിടെ ഞങ്ങളുടെ ക്ലാസ് മുറി, ബെഞ്ചു
നീര നീര യായിരുന്നു സ്വപ്നാലയം
അടിയിൽ അങ്ങനെ ചൂരൽ മറച്ചുവെച്ച്
അറിയുകയില്ലെന്ന് ചൊല്ലിയ ഡെസ്കുകൾ
ജല മുറങ്ങി തണുപ്പാർന്ന മൺകാലം
ഇലയെറിഞ്ഞിട്ട ഭാഗ്യവും ഡസ്റ്ററും
എവിടെ ഞാൻ മുയൽ ചിത്രം വരച്ചിട്ട്
കറുകറുപ്പ്, നിറച്ചോക്ക്, പുസ്തകം
എവിടെയാണ് എഴുത്തച്ഛൻറെ താവളം
അവിടെയല്ലോ പുരാതന ഭൂപടം
അതിനുമപ്പുറം ന്യൂട്ടൻ, എഡിസൺ
അടിമ വംശ അലാവുദ്ദീൻ ഖിൽജി
കവിത പോലെ സരോജിനി ടീച്ചർ
പ്രണയമാദ്യമിത മെറ്റിൽഡ
കടലിലെ പെൻസിൽ കാണിച്ചു തന്ന
പുതിയ വിസ്മയം നെയ്ത നസീമ
-കുരീപ്പുഴ ശ്രീകുമാർ

ഈ വരികൾ കുരീപ്പുഴ ശ്രീകുമാർ എന്ന കവിയുടെ ബാല്യകാല സംഭവങ്ങളെ ഓർമ്മിപ്പിക്കുന്നു. അദ്ദേഹം തന്റെ കുട്ടിക്കാലത്തിലെ ക്ലാസ് മുറിയെയും പഠിപ്പിച്ച കാര്യങ്ങളെയും ഓർമ്മിക്കുന്നു.
പണ്ട് അദ്ദേഹം നട്ട വേപ്പിനെയും, റോസയെയും ചെമ്പകത്തേയും അന്വേഷിക്കുന്നു. അദ്ദേഹം തന്റെ സ്വപ്നാലായമായിരുന്ന ക്ലാസ് മുറിയെ അന്വേഷിക്കുന്നു. ചൂരൽ മറച്ചു വെച്ചിട്ട് അറിയില്ല എന്നു പറഞ്ഞ് ഡെസ്കുകൾ അദ്ദേഹത്തിൻറെ ക്ലാസ് മുറിയിലെ മൺകലത്തിലെ തണുത്ത ജലവും ഡസ്റ്ററും ഇലയെറിഞ്ഞിട്ട് പോലെ വന്ന് ഭാഗ്യത്തെയും അദ്ദേഹം സ്മരിക്കുന്നു. അദ്ദേഹം വരച്ച മുയൽ ചിത്രവും, കറുകറുപ്പും നിരച്ചോക്കുകളും പുസ്തകങ്ങളും ഓർമിക്കുന്നു അദ്ദേഹം എഴുത്തച്ഛന്റെ താവളം അന്വേഷിക്കുന്നു അവിടെയാണ് പുരാതന ഭൂപടം. അദ്ദേഹത്തിന്റെ പാഠപുസ്തകങ്ങളിലെ ന്യൂട്ടനെയും എഡിസനെയും അടിമ വംശത്തിൽ പെട്ട അലാവുദ്ദീൻ സരോജിനി ടീച്ചറിനെയും പ്രണയം ആദ്യമെയ്ത മെറ്റിൽഡയെയും കടലിലെ പെൻസിൽ കാണിച്ചുതന്ന നസീമയെയും അദ്ദേഹം സ്മരിക്കുന്നു.
ഈ കവിതയിൽ തൻറെ ബാല്യകാലത്തെ സ്മരിക്കുന്ന കുരീപ്പുഴ ഇന്ന് തൻറെ ക്ലാസ് മുറിയിൽ ഇവയെ ഒന്നും കാണുന്നില്ല. ഒരു നഷ്ട വസന്തത്തിന്റെ ഓർമ്മ കവിയുടെ ഉള്ളിൽ നിന്നും പുറത്തേക്ക് വരുന്നതിന്റെ അവതരണമാണ് കവിത.

# ആസ്വാദനക്കുറിപ്പ്



ഫാത്തിമ തഹസിൻ(9F)

## പുതുവർഷം

അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നുമി-
ല്ലാതിരുന്നൊര പോയ കാലം
മാവേലി നാടുവാണീടും കാലം പാടി
പൂനുള്ളി പോയ പൊന്നോണക്കാലം
ദേവിതൻ കോവിലിൽ കുഞ്ഞുടുപ്പിട്ട ഞാൻ
ഓരോ പടിയെണ്ണി കേറും നേരം
കൂപ്പുക കുഞ്ഞിക്കൈ എങ്കിൽ കരിവള
കാപ്പാകുമെന്നമ്മ ചൊന്ന കാലം
പുസ്തക സഞ്ചിയിൽ കൊച്ചു നെല്ലിക്കയും പച്ചപ്പുളിയുമൊളിച്ച കാലം
ആരോടുമില്ല വഴക്കെന്നു
പുഞ്ചിരിച്ചാരോടും കൂടി നടന്ന കാലം
അക്കാലം പൂക്കളം തീർത്തതോർക്കുന്നു ഞാൻ
നിശ്ചയമമ്മയോടൊത്തു തന്നെ

-വിജയലക്ഷ്മി

വിജയലക്ഷ്മിയുടെ പുതുവർഷം എന്ന കവിതയിൽ പൊയ്ക്കോയ കാലത്തെ പറ്റിയുള്ള സ്മരണകളെയാണ് നമുക്ക് കാണാൻ കഴിയുന്നത്.
അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നുമില്ലാത്ത കാലഘട്ടം. മാവേലിയെ കുറിച്ചുള്ള പാട്ടുകൾ പാടി പൂ പറിച്ച് നടന്ന ഓണക്കാലം,കുഞ്ഞുടുപ്പിട്ട് ദേവിയുടെ കോവിലിലേക്ക് ഓരോരോ പടി എണ്ണിക്കയറുമ്പോൾ ദേവിയെ തൊഴുതാൽ കൈയിലെ കരിവളകൾ കാപ്പായി മാറും എന്ന് അമ്മ പറഞ്ഞ ആ കാലഘട്ടം. പുസ്തക സഞ്ചിയിൽ കൊച്ച നെല്ലിക്കയും പച്ചപ്പുളിയും മറ്റാരും കാണാതെ ഒളിപ്പിച്ച നടക്കുകയും ,അമ്മയോടൊപ്പം പൂക്കളം തീർത്തതുമായ കാലം, എല്ലാവരോടും കൂട്ടുകൂടി വഴക്കില്ലാതെ കഴിഞ്ഞ കാലം എല്ലാം കവയിത്രി ഓർമ്മിക്കുന്നു. മുറ്റത്തിന് ഐശ്വര്യം ചാർത്തുന്ന പൂക്കളോടൊപ്പം തുമ്പ പോലെ അമ്മ ഐശ്വര്യത്തോടൊപ്പം ശോഭിച്ചതും കവയിത്രി ഓർമ്മപ്പെടുത്തുന്നു.

# ആസ്വാദനക്കുറിപ്പ്



അമയ മധു(10D)

## കൃഷ്ണ, നീയെന്നെയറിയില്ല

ഇവിടെ യമ്പാടി തൻ
ഒരു കോണിലരിയ മൺ
കുടിലിൽ ഞാൻ മേവുമൊരു പാവം
കൃഷ്ണ, നീയെന്നെയറിയില്ല.
ശബളമാം പാവാട
ഞൊറികൾ ചുഴലുന്ന കാൽ
ത്തളകൾ കളശിഞ്ജിതം പെയ്കെ
അരയിൽ തിളങ്ങുന്ന
കുടവുമായ്, മിഴികളിൽ
അനുരാഗമഞ്ജനം ചാർത്തി
ജലമെടുക്കാനെന്ന
മട്ടിൽ ഞാൻ തിരുമുമ്പി
ലൊരുനാളുമെത്തിയിട്ടില്ല.
കൃഷ്ണ, നീയെന്നെയറിയില്ല.
ചപലകാളിന്ദി താൻ
കുളിരലകളിൽ പാതി
മുഴുകി നാണിച്ചു മിഴികൂമ്പി
വിറപൂണ്ട കൈ നീട്ടി
നിന്നോടു ഞാനെന്റെ
യുടയാട വാങ്ങിയിട്ടില്ല
കൃഷ്ണ, നീയെന്നെയറിയില്ല.
കാടിന്റെ ഏതിൽ
കടമ്പിന്റെ ചോട്ടിൽ നീ
ഓടക്കുഴൽ വിളിക്കുമ്പോൾ
അണിയിൽ മുഴുമിക്കാതെ
പൊങ്ങിത്തിളച്ചു പാ
ലൊഴുകി മറയുന്നതോർക്കാതെ
വിട്ടുവേല തീർക്കാതെ
യുട്ട ചേല കിഴിവതും
മുടിയഴിവതും കണ്ടിടാതെ
കരയുന്ന പൈതലെ,
പുരികം ചുളിക്കുന്ന
കണവനെ, ക്കണ്ണിലറിയാതെ
എല്ലാം മറന്നോടി
യെത്തിയിട്ടില്ല ഞാൻ
വല്ലവികളൊത്തു നിൻ ചാരെ!
കൃഷ്ണ, നീയെന്നെയറിയില്ല.
അവരുടെ ചിലമ്പൊച്ച
യകലെ മാഞ്ഞീടവേ
മിഴിതാഴ്ത്തി ഞാൻ തിരികെ വന്നു
എന്റെ ചെറുകുടിലിൽ
നൂറായിരം പണികളിൽ
എന്റെ ജൻമം ഞാൻ തളച്ചു.
കൃഷ്ണ, നീയെന്നെയറിയില്ല.

–സുഗതകുമാരി

മലയാളത്തിലെ പ്രശസ്ത കവയിത്രിയായ സുഗതകുമാരി ടീച്ചറുടെ "കൃഷ്ണ, നീയെന്നെയറിയില്ല" എന്ന കൃതിയിലെ ചില വരികളാണിവ.

ഈ അമ്പാടിയിലെ ഒരു ചെറിയ കോണിലെ മൺകുടിലിൽ താമസിക്കുന്ന ഒരു പാവമാണ് ഞാൻ, കണ്ണാ നിനെക്കെന്നെ അറിയില്ല.മനോഹരമായ പാവാടയുടെ ഞൊറികൾ ചുറ്റതിരിയുന്ന, കാൽത്തളകളിൽ പാദസ്വരത്തിന്റെ നാദം പൊഴിയെ അരയിൽ കുടങ്ങൾ തിളങ്ങുന്നു. കണ്ണുകളിൽ പ്രണയം ചാർത്തി വെള്ളമെടുക്കാനാണെന്ന് പറഞ്ഞ് നിന്റെ മുമ്പിൽ ഞാൻ വന്നില്ല കണ്ണാ നിനെക്കെന്നെ അറിയില്ല. കാളിന്ദി പുഴയുടെ തീരങ്ങളിലെ തണുപ്പിൽ പാതി മുങ്ങികൊണ്ട് നാണിച്ച് മിഴികുമ്പി വിറക്കുന്ന കൈ നീട്ടി നിന്നോട് ഞാനെന്റെ വസ്ത്രം വാങ്ങിയിട്ടില്ല.കണ്ണാ നിനെക്കെന്നെ അറിയില്ല. കാടിന്റെ മനസ്സിൽ വൃക്ഷത്തിന്റെ ചോട്ടിൽ നീ വേണുവോതുമ്പോൾ സൗന്ദര്യത്തിൽ മുഴുമിക്കാതെ പൊങ്ങിത്തിളച്ചു പാൽ മറിയുന്നതോർക്കാതെ വീട്ടുജോലികൾ തീർക്കാതെ വസ്ത്രം അഴിഞ്ഞുപോകുന്നതോർക്കാതെ മുടി അഴിയുന്നതും ഓർക്കാതെ   കുട്ടി കരയുന്നതുമോർക്കാതെ പിരുകം ചുളിക്കുന്ന ഭർത്താവിനെ അറിയാതെ എല്ലാം മറന്ന് തോഴിയെ കൂട്ടി എത്തിയിട്ടില്ല ഞാൻ നിന്റെ അടുത്ത്,കണ്ണാ നിനെക്കെന്നെ അറിയില്ല. അവരുടെ ചിലമ്പിന്റെ ഒച്ച അകലേക്ക് മാഞ്ഞീടുമ്പോൾ മിഴിതാഴ്ത്തി ഞാൻ തിരികേ പോന്നു. എന്റെ ഈ ചെറിയ  വീട്ടിൽ നൂറായിരം പണികളിൽ എന്റെ ജീവിതം ഞാൻ മാറ്റിവെച്ചു.കണ്ണാ നിനെക്കെന്നെ അറിയില്ല.

# വരകളിലൂടെ

ശിവ (9E)



## കവിത



ശ്രേയ.പി(9E)

# ഞങ്ങളുടെ മുത്തശ്ശി

നിങ്ങൾക്കുള്ളതുപോലെൻ നാട്ടിൽ
ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി
കഥപറയാറുണ്ടന്തിക്കോരോ
കവിതകൾ മാനത്തുലയുമ്പൾ
വെള്ളരിയുടെ മലർമൊട്ടുകൾ മഞ്ഞ-
പ്പുള്ളികൾ കുത്തിയ പാടത്തിൽ
നീലക്കറുകക,ളണിമുക്കുറ്റികൾ
ചേലവിരിച്ച വരമ്പിൻമേൽ
കൂട്ടം ഞങ്ങൾ മുത്തശ്ശിയുമായ്
കുലിക്കാരുടെ കഥപറയാൻ.......

# ലിറ്റിൽ ന്യൂസ്


LITTLE NEWS

August 9, Wednesday GHSS Panamaram

ഐ.ടി കോർണർ ഉദ്ഘാടനം ചെയ്തു


NEWS

സ്വാതന്ത്ര്യദിന


LITTLE NEWS

August 9, Wednesday GHSS PAN

യുദ്ധ വിരുദ്ധ ദിനം ആ


LITTLE NEWS

August 9, Wednesday


Thursday 21 September

LITTLE NEWS

GHSS PANAMRAM

ശാസ്ത്രോത്സവം - ലക്ഷ്യ പനമരം ജി എച്ച് എസ് എസിൽ സംഘടിപ്പിച്ചു


SATURDAY, AUGUST 5

LITTLE NEWS

ഐ ടി കോർണർ


LITTLE NEWS

August 15, Tuesday GHSS PANAMARAM

സ്വാതന്ത്ര്യ ദിനാചരണം നടന്നു

- ആഗസ്റ്റ് 15, പനമരം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ വർണ്ണാഭമായ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഇന്ത്യൻ ഭൂപടത്തിന്റെ മാതൃകയിൽ വിദ്യാർഥികൾ അണിനിരന്നു. സ്വാതന്ത്ര്യദിന ക്വിസ്, ഫ്ലാഷ് മോബ്, റാലി തുടങ്ങിയവയ്ക്ക് അധ്യാപകർ നേതൃത്വം നൽകി.


LITTLE NEWS

August 23 Wednesday

ചന്ദ്രനിൽ ഇന്ത്യ ഉദിച്ചു

ചന്ദ്രന്റെ ദക്ഷിണധ്രുവം തൊട്ട ആദ്യ രാജ്യം എന്ന നേട്ടം കൂടി ഇന്ത്യ കൈവരിച്ചു



# ഉപന്യാസം

ശ്രീദേവി.പി(9E)

# കുട്ടികളിൽ ലഹരിയുടെ സ്വാധീനം

ഇന്നത്തെ കാലത്ത് കുട്ടികളെയും യുവജനങ്ങളെയും കാർന്നുതിന്നാൻ ശക്തി നേടി ലഹരി വളർന്നു കൊണ്ടിരിക്കുന്നു.

പണ്ട് മദ്യം മാത്രമായിരുന്നുവെങ്കിൽ,ഇന്ന് Tobacco,Marijuna,Cocaine,MDMA,LSD എന്നുതുടങ്ങി ലഹരികളുടെ ഒരു നീണ്ടനിരതന്നെ ലഭ്യമാണ്. നമ്മുടെ കുഞ്ഞുങ്ങൾ സ്കൂൾ മുതൽ അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു വലിയ പ്രശ്നമായി ഇത് വളർന്നു കഴിഞ്ഞു.

നാലോ ,അഞ്ചോ വർഷം മുമ്പ് ലഹരിക്ക് അടിമപ്പെട്ട് കൗൺസിലിങ്ങിനും ചികിൽസയ്ക്കുംഎത്തുന്ന കുട്ടികൾക്കെല്ലാം ഒരേ തരം കഥകൾ. 'ബിസിനസിന്റെ തിരക്കിനിടയിൽ സംസാരിക്കാൻ പോലും അച്ഛന് നേരമില്ല. ഈ ഒറ്റപ്പെടലാണ് എന്നെ ലഹരിയിലേക്ക് എത്തിച്ചത്'', 'അമ്മയ്ക്ക് അനിയനോടുള്ള സ്നേഹത്തിന്റെ പകുതി പോലും എന്നോടില്ല, ഈ അവഗണന മറക്കാൻ എന്നെ സഹായിച്ചത് ലഹരിയാണ്'', 'പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞതിന്റെ പേരിൽ സ്കൂളിൽ എല്ലാവരും കളിയാക്കുന്നു,ആശ്വാസം കിട്ടുന്നത് ഇത് ഉപയോഗിക്കുമ്പോഴാണ്''.

ഇന്നത്തെ കുട്ടികൾക്കു പറയാൻ ഇത്തരം കഥകളേതുമില്ല. ലഹരിയെ തെറ്റായി കണ്ട് മറച്ചുവയ്ക്കുന്ന മനോഭാവവും ഇല്ല. ഇത് ഞങ്ങളുടെ ജീവിതരീതിയാണ് എന്നാണ് അവർ പറയുന്നത്. മറ്റുള്ളവർ ജീവിതം ജീവിച്ചു തീർക്കുമ്പോൾ ഞങ്ങൾ ജീവിതം ആസ്വദിക്കുന്നുവെന്നാണ് ന്യായം. കുറച്ചു നേരം റിലാക്സ് ചെയ്യാനുള്ള മാർഗം മാത്രമാണിവർക്ക് മയക്കുമരുന്നുകൾ.

സ്വന്തം വീട്ടിൽ നിന്നാണ് എഴുപത് ശതമാനം കുട്ടികളും ലഹരിയുടെ ആദ്യപാഠം പഠിക്കുന്നത്. മിക്ക കുട്ടികളും ആദ്യം ലഹരിയുടെ രുചി അറിയുന്നത് മദ്യപാനത്തപലൂടെയും പുകവലിയിലൂടെയും ആണ്. 'അച്ഛൻ മദ്യം കഴിക്കുമ്പോൾ നീ ബിയർ കഴിച്ചോളൂ' എന്നു പറയുന്ന വീട്ടുകാരും ബാറിൽ പോകുമ്പോൾ മക്കളെ ഒപ്പം കൂട്ടുന്ന അച്ഛന്മാരും സോഷ്യൽ ഡ്രിങ്കിങ് പ്രോൽസാഹിപ്പിക്കുന്ന സമൂഹവും ചേർന്ന് കുട്ടികളെ ലഹരിയിലേക്കു കൈപിടിച്ചുയർത്തുന്നു.

കൂടാതെ ചില കൂട്ടുകാരുമായുള്ള സൗഹൃദം കുട്ടികളെ ലഹരിയിലേക്കെത്തിക്കുന്നു. ഇവരെ നന്നാക്കിയാലേ കുട്ടി നന്നാകൂ എന്നാണ് ഇപ്പോഴത്തെ അവസ്ഥ. ഇപ്പോൾ ലഹരി വ്യാപകമാകുകയാണ്. ലഹരിക്കെതിരെ പോരാടുന്നതിനായി കേരള സർക്കാർ വിവിധ പദ്ധതികൾ ആരംഭിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നു.

നമുക്കൊരുമിച്ച് ലഹരിക്കെതിരെ പോരാടാം...... നല്ല നാളെയ്ക്കായി സ്വപ്നം കാണാം............

## ഉപന്യാസം



ഷാദിയ ഫാത്തിമ(7C)

# ലഹരി വിരുദ്ധ സന്ദേശം നൽകുന്ന ചെറുകഥ


ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം. സമൂഹത്തിലെ വലിയൊരു വിഭാഗം ജനങ്ങളേയും ബാധിക്കുന്ന രൂക്ഷമായ പ്രശ്നമാണ് ലഹരിയുടെ ഉപയോഗം.ആധുനിക സമൂഹത്ത കാർന്നു തിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വൻവിപത്തിനെതിരെ രാജ്യാന്തര സമൂഹത്തെ ഉണർത്തുകയെന്ന ലക്ഷ്യവുമാണ് ഐക്യരാഷ്ട്രസംഘടന 1987 മുതൽ ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനമായി ആചരിച്ച വരുന്നത്.

ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിന്റ ദൂഷ്യവശങ്ങളെ കുറിച്ച ബോധവത്കരിക്കുക, ലഹരി ഉൽപ്പന്നങ്ങൾ നിയന്ത്രിക്കാൻ സർക്കാരുകളെ പ്രേരിപ്പിക്കുക, ആരോഗ്യകരമായ ഒരു സമൂഹത്തിന്റെ നിലനിൽപ്പ് ഉറപ്പ വരുത്തുക എന്നിവ ലക്ഷ്യം വെച്ചാണ് ഓരോ വർഷവും ഈ ദിനം ആചരിക്കുന്നത്.

യുവജനങ്ങളാണ് പലപ്പോഴും ലഹരിയുടെ കെണിയിൽ വീഴുന്നത്. ജീവിതം പോലും വഴിതെറ്റിക്കുന്ന ഈ വസ്തുക്കളെ കുറിച്ച യുവജനങ്ങൾക്ക് വേണ്ടത്ര അറിവില്ലെന്നതാണ് യഥാർത്ഥ കാരണം. കേവലം ഒരു വിനോദത്തിന് വേണ്ടി ആരംഭിക്കുന്ന പല ശിലങ്ങളും പിന്നിട് ഒഴിവാക്കാനാവാത്ത ലഹരിയോടുള്ള അടിമത്തമായി മാറുണ കാഴ്ച്ചയാണ് കാണുന്നത്. ലഹരികൾ വ്യക്തിജിവിതത്തേയും കുടുംബ ജീവിതത്തേയും അതിലുപരി സമൂഹത്തെതന്നെയും ബാധിക്കുമ്പോഴാണ് പലപ്പോഴും ഗൗരവകരമായ ചിന്തകൾ ഉടലെടുക്കുന്നത്.

അതിനാൽ ലഹരി ഉപയോഗത്തിനെതിരെ ആളുകളിൽ പ്രചാരണംനടത്തുക എന്നത് മാത്രമല്ല, ഓരോരുത്തരും ലഹരി ഉപയോഗിക്കില്ല എന്ന ഉറച്ച തീരുമാനം കൂടി എടുക്കണം കൂട്ടായ പ്രയത്നവും ഇതിന് ആവശ്യമാണ്.


# ഇവർ വിജയികൾ


മാനന്തവാടി സബ്ജില്ല
ഗണിതശാസ്ത്ര മേള
Mathematics Puzzle
Second with A grade
Gokul Krishna P.S
Congratulations
GHSS PANAMARAM


മാനന്തവാടി സബ് ജില്ലാ
ശാസ്ത്രോത്സവത്തിൽ IT
ക്വിസ്, ഗണിതം ടാലന്റ് സെർച്ച്
പരീക്ഷ എന്നിവയിൽ മൂന്നാം
സ്ഥാനം കരസ്ഥമാക്കി പനമരം
ഗവ.ഹയർ സെക്കണ്ടറി
സ്കൂൾ.
Gokul Krishna
Maths Talent Search
Nanda Kishore
Information Technology Quiz
Congratulations

## കവിത

നിഷികാന്ത (6E)



# പുഴയുടെ തിരത്ത്

കളകളം ഒഴുകും പുഴയിലെ വെള്ളം
ദാഹം മാറാൻ കുരുവിയിരുന്നു
ദാഹമുക്തിയായി കുരുവി പറന്നു
പുഴയുടെ അമ്മ മഴ പെയ്തിറങ്ങി

കളകളം ഒഴുകും പുഴയിലെ വെള്ളം
ഒന്നൂടി ഉയർന്നു പൊങ്ങി
മനുഷ്യർ വന്ന് കവറുകളിട്ടു
പുഴ മാലിന്യം കൊണ്ട് നിറഞ്ഞു
മൃഗങ്ങൾക്കതു ദോഷം ഒരുക്കി

അമ്മ മഴ കരഞ്ഞ് തുടങ്ങി
അച്ഛൻ മിന്നൽ ചൂടിൽ ഇറങ്ങി
അമ്മ മഴ ചിരിച്ച് തുടങ്ങി
അച്ഛൻ മിന്നൽ തണുത്തു



# കവിത

ആയിഷ തൻഹലിയ(7E)

## പുഴ

വെള്ളം തരുമീ ജീവിതം
പുഴയിൽ എല്ലാ മനുഷ്യരും
മാലിന്യമിട്ട് മരുപ്രദേശമാക്കി കഴിഞ്ഞു

പെട്ടെന്ന് ജലം അലിഞ്ഞുപോവുകയാണ്
ജീവിക്കില്ല നമ്മൾ ജലമില്ലാതെ
മനുഷ്യൻ മരിക്കുന്നു ജലമില്ലാതെ
പുഴയിലെ ജലം ജീവിതത്തിന് അമൃത്

# പ്രതിഭകൾ


GHSS
Panamaram
വിദ്യാരംഗം
കലാ സാഹിത്യവേദി
യാത്രാ വിവരണ കുറിപ്പ് മത്സരം
First Prize
Second Prize
Aysha Afrin
Keerthi Suneesh


ദേശാഭിമാനി
അക്ഷരമുറ്റം
ക്വിസ് സ്കൂൾ തലം
Winners
UP Section
Agnus Mariya
Roseleena
HS Section
Nirun Joy
Nanda Kishore

## കവിത

ശ്രേയ.പി(9E)



# കൊറോണയും ഞാനും

ഏഴു കൊല്ലം കൂട്ടിൽ കിടന്ന കിളി
ഏഴു ദിവസം കോറന്റൈനിലായ
എന്നെ നോക്കി ചിരിയോ ചിരി
തുറന്നു വിടാൻ കരഞ്ഞപ്പോളൊക്കെ
ഗോതമ്പ് മണി കൊണ്ട്
വിശപ്പ് മാറ്റിയ ഞാനിന്ന്
ഒത്തിരി സ്വാതന്ത്ര്യം ഇത്തിരിക്കൂട്ടിൽ
മറന്ന കിളിയായ് കൂടെ.....................

## ആസ്വാദനക്കുറിപ്പ്



അമയ മധു(10D)

# കണ്ണനെത്തേടി

കണ്ണാ, നിന്നെത്തേടി നടന്നീ
മന്നിലലഞ്ഞു തളർന്നൂ ഞാൻ
ഭൂവാം വൃന്ദാവനത്തിൽ സാഗര
കാളിന്ദീവര തീരത്തിൽ
കണ്ണാ, നിന്നെത്തേടി നടപ്പൂ
കണ്ണീരോടുമീവണ്ണം ഞാൻ
ആരോ ചൊന്നാനിന്നാലെയാറ്റിൻ
ചാരത്തുള്ള കടമ്പിൻമേൽ
പത്രശതത്തിലൊളിഞ്ഞൊരു മഞ്ഞ
പ്പട്ടിൻ പൊന്നൊളി കണ്ടത്രേ!
കാണെക്കാണെ മറഞ്ഞതു പക്ഷേ
വേണുനിനാദം കേട്ടത്രേ

മലയാളത്തിലെ പ്രശസ്ത കവയിത്രിയായ സുഗതകുമാരി ടീച്ചറുടെ കണ്ണനെത്തേടി എന്ന കൃതിയിലെ ചില വരികളാണിവ.

കണ്ണാ നിന്നെ അന്വേഷിച്ച് നടന്ന് ഞാൻ ക്ഷീണിച്ചു. ഭൂമിയാം വൃന്ദാവനത്തിൽ സാഗരതീരമായ കാളിന്ദീനദിയുടെ തീരത്തിൽ കണ്ണാ നിന്നെ അന്വേഷിച്ച് നടപ്പൂ,കരഞ്ഞുകൊണ്ട് വന്ന എന്നോട് ആരോ പറഞ്ഞു.ആറ്റിന്റെ അടുത്തുള്ള മരത്തിൻ മേൽ ചില്ലകളുടെ ഇടയിൽ മഞ്ഞവസ്ത്രത്തിന്റെ പൊന്നൊളി കാണുന്നുവെന്ന് എന്ന് നോക്കിനിൽക്കെ അത് മറഞ്ഞുപോയി പക്ഷേ ഓടകുഴലിന്റെ നാദം കേട്ടെത്രേ.


ചലഞ്ചേഴ്സ് ക്ലബ്ബും ഡ്രീം വയനാടും
സംയുക്തമായി സംഘടിപ്പിച്ച
ഉപന്യാസ രചന
മത്സര
വിജയികൾ
2
1
2
ആദിത്യ
പ്രതീഷ്
10 G
ശിഖ
രാജൻ
9 E
മുഹമ്മദ്
ഷാഫി.ടി
9 C


ഞ്ചേഴ്സ് ക്ലബ്ബും
ീം വയനാടും
സംയുക്തമായി സംഘടിപ്പിച്ച
കഥാരചന മത്സര വിജയിക
1
2
അഞ്ജലി.എസ്. എസ്
VII A
ആയിഷ അഫ്രിൻ
VI E
വിജയികൾക്ക്
അഭിനന്ദനങ്ങൾ..


Challengers Club

## കവിത

ശ്രേയ.പി(9E)



# നീറിയ മാനസം

എരിയുന്ന മനസ്സിൽ ആധിയുടെ
അരിയിട്ടു കണ്ണുനീരിന്റെ ഉപ്പിട്ട്
ജീവിത യാത്രയിൽ വീഴാതെ
കുടിച്ചു ഞാൻ എങ്കിലും എന്നെ
ആ വിധിയുടെ കരാളഹസ്തം
പിടിമുറുക്കി ഞണ്ടുകളുടെ
കയ്യിലകപ്പെട്ടു പോയി
ഇനിയുള്ള യാത്രയിൽ ഞാൻ
ഒറ്റയ്ക്കായി പോയെന്ന തിരിച്ചറിവിൽ
മുന്നോട്ട് മുന്നോട്ട് കാലന്റെ
ചിരിയും കാലചക്രത്തിന്റെ
മുരൾച്ചയും കേട്ടെന്റെ കാതുകൾ
രണ്ടും കൊട്ടിയടഞ്ഞുപോയി

## ആസ്വാദനക്കുറിപ്പ്



സനോജന.കെ(9F)

# സീതാസ്വയംവരം

ചന്ദ്രശേഖരനുടെ പള്ളിവിൽ കണ്ടു രാമ –
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടാൻ.
"വില്ലെടുക്കാമോ? കുലച്ചീടാമോ? വലിക്കാമോ?
ചൊല്ലുകെ"ന്നതതുകേട്ടു ചൊല്ലിനാൻ വിശ്വാമിത്രൻ
"എല്ലാമാമാകുന്നതും ചെയ്യാലും മടിക്കേണ്ട.
കല്ല്യാണമിതുമൂലം വന്നു കൂടിടുമല്ലോ"
മന്ദഹാസവും പൂണ്ടു രാഘവനതുകേട്ടു
മന്ദം മന്ദം പോയ് ചെന്നുനിന്നു കണ്ടിതു ചാപം
ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ
കുലച്ചു വലിച്ചുടൻ മുറിച്ചു ജിതശ്രമം
ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജക്കൻമാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ്വന്നു ചേതസി കൗശികനും
സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദ –
മർണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോത്പലമാലയുമിട്ടാൾ മുന്നേ
പിന്നാലേ വരണാർത്ഥമാലയുമിട്ടീടിനാൻ

അദ്ധ്യാത്മരാമായണം – എഴുത്തച്ഛൻ

മലയാളഭാഷയുടെ പിതാവെന്നറിയപ്പെടുന്ന എഴുത്തച്ഛൻ രചിച്ച അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ഒരു ഭാഗമാണ് സീതാസ്വയംവരം.

വിശ്വാമിത്ര മഹർഷി, ശ്രീരാമൻ, ലക്ഷ്മണൻ എന്നിവരെ കൂട്ടി ജനകമഹാരാജാവിന്റെ രാജധാനിയിലേക്ക് പോകുന്നു. ജനകമഹാരാജാവിന്റെ പോകുന്ന രാമലക്ഷ്മണൻമാർക്ക് പരമശിവന്റെ പള്ളിവില്ല്(ത്രൈയംബകം) "വില്ല് കുലച്ച് വലിച്ച് മുറിക്കുന്നവന് എന്റെ പുത്രിയെ വിവാഹം ചെയ്തു നൽകുമെന്ന് ജനകമഹാരാജാവ് പറയുന്നു. അയായിരം കിങ്കരൻമാർ ചേർന്ന് ശൈവചാപം എടുത്തു കൊണ്ടുവന്നു. സദസ്സിലുള്ള എല്ലാ രാജാക്കൻമാരും വില്ലെടുത്തു നോക്കി അവർക്കാർക്കും അത് അനക്കുവാൻ പോലും സാധിച്ചില്ല. ജ്വലിക്കുന്ന തേജസ്സോടുകൂടി ഗുരുജനങ്ങളുടെ സമ്മതത്തോടെ യാതൊരു ബുദ്ധിമുട്ടും ഇല്ലാതെ വളരെ ലാഘവത്തോടെ ശ്രീരാമൻ വില്ലെടുത്ത് കുലച്ച് വലിച്ച് നിഷ്പ്രയാസം മുറിക്കുന്നു. ആ ശബ്ദം കേട്ട് ഈരേഴ് മറ്റൊലി കൊണ്ടു. പതിനാലുലോകങ്ങളിലുള്ളവരും അദ്ഭുതപ്പെട്ടു. ദേവിദേവൻമാർ സ്തുതിച്ചു. ഇടവെട്ടുന്ന പോലെത്തെ ആ നാദം കേട്ട് രാജാക്കൻമാർ പാമ്പുകളെപോലെ നടുങ്ങുകയും മൈഥിലി മയിൽപ്പേടപോലെ സന്തോഷിക്കുകയും ചെയ്യുന്നു. ഇടിനാദം ഉരഗങ്ങൾക്ക് ഭയാനകവും, മയിലുകൾക്ക് ആനന്ദകരവുമാനെന്നാണ് കവിയുടെ അഭിപ്രായം.

വസിഷ്ഠനും വിശ്വാമിത്രനും ജനകമഹാരാജാവും ചേർന്ന് വിവാഹമുഹൂർത്തം നിശ്ചയിച്ചു. മണ്ഡാപം തോരണങ്ങൾ കൊണ്ട് അലങ്കരിച്ചു രത്നം പതിപ്പിച്ച പീഠം തയ്യറാക്കി, ഹോമങ്ങൾ ഒരുക്കി,മിഥിലാപുരി സന്തോഷത്താൽ ആറാടി. സീതയെ തോഴിമാരും, അമ്മമാരും കൂടി അണിയിച്ചൊരുക്കി. സ്വർണ്ണാഭരണങ്ങളുമണിഞ്ഞ്, മലയും കൈയ്യിലെന്തി ആദരവോടുകൂടും ലജ്ജയോടും കൂടി ശ്രീരാമന്റെ മുമ്പിൽ വിനീതയായി നിന്നു കൽപ്പാദം വന്ദിച്ചു. തുടർന്നു എല്ലാവരുടേയും ആശിർവാദത്തോടെ സീതയുടെ കൈയിലേന്തിയ സ്വയവരമാല്യം ശ്രീരാമന്റെ കഴുത്തിൽ ചാർത്തി. ഈ സമയത്ത് പുഷ്പവൃഷ്ടിയും, വാദ്യമേളങ്ങളും, ടകീർത്തനങ്ങളും, ആട്ടവും, പാട്ടും എല്ലാം കൊണ്ടും ആനന്ദത്തിൽ ആറാടി.

# കലകളിലൂടെ



മാനന്തവാടി ഉപജില്ല
കലോത്സവം
HS ഇംഗ്ലീഷ് ഉപന്യാസം
SECOND
A GRADE
ഗോകുൽ കൃഷ്ണ 10F
GHSS PANAMARAM
HS ഇംഗ്ലീഷ് പദ്യം
A GRADE
HS ഹിന്ദി പദ്യം
A GRADE
ശ്രേയ.പി 9E
PENCIL DRAWING
PAINTING WATER COLOUR
HS
A GRADE
SREEDEVI P (9E)
HS ലളിതഗാനം
HS മാപ്പിളപ്പാട്ട്
A GRADE
അൻഷ ഫാത്തിമ
9E
GHSS PANAMARAM



മാനന്തവാടി ഉപജില്ല
കലോത്സവം
അറബിക് സാഹിത്യോത്സവം
FIRST
A GRADE
അഭിനന്ദനങ്ങൾ
GHSS PANAMARAM


മാനന്തവാടി ഉപജില്ല
കലോത്സവം
അറബിക് സാഹിത്യോത്സവം
FIRST
A GRADE
റഹീബ്
അഭിനന്ദനങ്ങൾ
GHSS PANAMARAM


മാനന്തവാടി ഉപജില്ല
കലോത്സവം
HS കാവ്യകേളി
SECOND
A GRADE
അഭിനന്ദനങ്ങൾ
GHSS PANAMARAM


മാനന്തവാടി ഉപജില്ല
കലോത്സവം
SECOND A
GRADE
അഭിനന്ദനങ്ങൾ
GHSS PANAMARAM


മാനന്തവാടി ഉപജില്ല
കലോത്സവം
ഭരതനാട്യം.യു.പി
B
GRADE
ശ്രീലക്ഷ്മി 5B
അഭിനന്ദനങ്ങൾ
HSS PANAMARAM


മാനന്തവാടി ഉപജില്ല
കലോത്സവം
PENCIL DRAWING
U.P
A GRADE
റോസ്‌ലീന (7E)
അഭിനന്ദനങ്ങൾ
GHSS PANAMARAM


മാനന്തവാടി ഉപജില്ല
കലോത്സവം
HS THIRUVATHIRA SECOND A.GRADE
അഭിനന്ദനങ്ങൾ
GHSS PANAMARAM


CONGRATS
WAYANAD VISION
കലോത്സവം
വട്ടപാട്ടിൽ ഒന്നാമതെത്തി
പനമരത്തെ മൊഞ്ചന്മാർ


മാനന്തവാടി ഉപജില്ല
കലോത്സവം
ദേശഭക്തിഗാനം
U.P A Grade
അഭിനന്ദനങ്ങൾ


അറബിക്ക് കലോത്സവം -റണ്ണർഅപ്പ്
ട്രോഫി


മാനന്തവാടി സബ് ജില്ല
അറബിക്
കലോത്സവം
തിളക്കമാർന്ന
നേട്ടവുമായി...
@ Saji Kailas
ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
പനമരം
അഭിനന്ദനങ്ങൾ


മാനന്തവാടി ഉപജില്ല
കലോത്സവം
HS OPPANA A.GRADE
അഭിനന്ദനങ്ങൾ
GHSS PANAMARAM

# നിർമ്മിത ബുദ്ധി



കൃത്രിമബുദ്ധി (artificial intelligence, AI) എന്ന വാക്ക് യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത് യാഥാർത്ഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്രത്തിലെ ശാഖയേയും കുറിക്കാൻ ഉപയോഗിക്കുന്നു. ഇന്റലിജന്റ് ഏജന്റുമാരുടെ പഠന മേഖലയാണ് എഐ ഗവേഷണം എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്, അത് പരിസ്ഥിതിയെ മനസ്സിലാക്കുകയും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന ഏതൊരു സംവിധാനത്തെയും സൂചിപ്പിക്കുന്നു. നിർമ്മിത ബുദ്ധി എന്നാൽ "വിവേകമുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള പഠനപ്രവർത്തനങ്ങളും അവയുടെ രൂപകൽപ്പനയും". വിവേകമുള്ള യന്ത്രങ്ങൾ എന്നാൽ ചുറ്റുപാടിൽ നിന്നും കാര്യങ്ങൾ സ്വീകരിക്കുകയും അതുവഴി വിജയകരമായി നീങ്ങുവാനുള്ള പ്രവർത്തികൾ നടപ്പിൽ വരുത്തുന്നതുമായ വ്യൂഹങ്ങൾ" ആണ്. സംഭാഷണപരമായി, "കൃത്രിമബുദ്ധി" എന്ന പദം പലപ്പോഴും മനുഷ്യ മനസ്സുമായി മനുഷ്യർ ബന്ധപ്പെടുത്തുന്ന "വൈജ്ഞാനിക" പ്രവർത്തനങ്ങളെ അനുകരിക്കുന്ന യന്ത്രങ്ങളെ (അല്ലെങ്കിൽ കമ്പ്യൂട്ടറുകളെ) വിവരിക്കാൻ ഉപയോഗിക്കുന്നു, അതായത് "പഠിക്കുക", "പ്രശ്ന പരിഹാരം നടത്തുക".

1965 ൽ ഈ വാക്ക് ആദ്യമായി ഉപയോഗിച്ച ജോൺ മാക്കാർത്തി നിർവചിക്കുന്നത് "ബുദ്ധിയുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാനുള്ള ശാസ്ത്രവും എൻജിനീയറിങ്ങും" എന്നാണ്. ആയിരത്തി തൊള്ളായിരത്തി അൻപതുകളിൽ ആണ് സംഘടിതമായ കൃത്രിമ ബുദ്ധി വികസന ഗവേഷണം തുടങ്ങിയത്. 1956 ൽ ഡാർട്ട്മൗത്ത് കോളേജിൽ നടന്ന ഒരു സമ്മേളനത്തിൽ വച്ചാണ് ഇതിന്റെ ഔപചാരികമായ തുടക്കം കുറിക്കുന്നത്.പിന്നീടുള്ള വർഷങ്ങളിൽ, നിരാശയും ധനനഷ്ടവും ("എഐ വിന്റർ" എന്ന് അറിയപ്പെടുന്നു) പുതിയ സമീപനങ്ങളും തന്മൂലമുള്ള വിജയവും പുതുക്കിയ ഫണ്ടിംഗും മൂലം ശുഭാപ്തിവിശ്വാസത്തിന്റെ പരകോടിയിലെത്താൻ സഹായിച്ചു. എഐ ഗവേഷണം തുടങ്ങിയതു മുതൽ നിരവധി വ്യത്യസ്ത സമീപനങ്ങൾ പരീക്ഷിക്കുകയും നിരസിക്കുകയും ചെയ്തിട്ടുണ്ട്, തലച്ചോറിനെ അനുകരിക്കുക, മനുഷ്യന്റെ പ്രശ്നപരിഹാരം മാതൃകയാക്കുക, ഔപചാരികമായ യുക്തി, അറിവിന്റെ വലിയ ഡാറ്റാബേസുകൾ, മൃഗങ്ങളുടെ പെരുമാറ്റം അനുകരിക്കൽ എന്നിവ ഉൾപ്പെടുന്നു.21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ, മാത്തമാറ്റിക്കൽ-സ്റ്റാറ്റിസ്റ്റിക്കൽ മെഷീൻ ലേണിംഗ് ഈ മേഖലയിൽ ആധിപത്യം സ്ഥാപിച്ചു, ഈ സാങ്കേതികത വളരെ വിജയകരമാണെന്ന് തെളിയിച്ചിട്ടുണ്ട്, ഇത് വ്യവസായത്തിലും അക്കാദമിയിലുമുള്ള നിരവധി വെല്ലുവിളി നിറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു.

എഐ ഗവേഷണത്തിന്റെ വിവിധ ഉപമേഖലകൾ പ്രത്യേക ലക്ഷ്യങ്ങളെയും പ്രത്യേക ഉപകരണങ്ങളുടെ ഉപയോഗത്തെയും കേന്ദ്രീകരിച്ചുള്ളതാണ്. എഐ ഗവേഷണത്തിന്റെ പരമ്പരാഗത ലക്ഷ്യങ്ങളിൽ ഓട്ടോമേറ്റഡ് റീസണിംഗ്, നോളജ് റെപ്രസേന്റേഷൻ ആന്റ് റീസണിംഗ്, ഓട്ടോമേറ്റഡ് പ്ലാനിംഗ് ആൻഡ് ഷെഡ്യൂളിംഗ്, മെഷീൻ ലേണിംഗ്, നാച്ചുറൽ ലാങ്വേജ് പ്രോസ്സസിംഗ്, മെഷീൻ പെർപെഷൻ, വസ്തുക്കളെ ചലിപ്പിക്കാനും കൈകാര്യം ചെയ്യാനുമുള്ള കഴിവ് എന്നിവ ഉൾപ്പെടുന്നു.ജനറൽ ഇന്റലിജൻസ് (അനിയന്ത്രിതമായ ഒരു പ്രശ്നം പരിഹരിക്കാനുള്ള കഴിവ് ) ഫീൽഡിന്റെ ദീർഘകാല ലക്ഷ്യങ്ങളിൽ ഒന്നാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, എഐ ഗവേഷകർ നിരവധി പ്രശ്നപരിഹാര സാങ്കേതിക വിദ്യകൾ സ്വീകരിക്കുകയും സംയോജിപ്പിക്കുകയും ചെയ്തു. തിരയൽ, മാത്തമാറ്റിക്കൽ ഒപ്റ്റിമൈസേഷൻ, ഒഫീഷ്യൽ ലോജിക്, കൃത്രിമ ന്യൂറൽ നെറ്റ്‌വർക്കുകൾ, സ്ഥിതിവിവരക്കണക്കുകൾ, പ്രോബബിലിറ്റി, സാമ്പത്തികശാസ്ത്രം എന്നിവയെ അടിസ്ഥാനമാക്കിയുള്ള രീതികൾ പിന്തുടരുന്നു.

കമ്പ്യൂട്ടർ സയൻസ്, മനഃശാസ്ത്രം, ഭാഷാശാസ്ത്രം, തത്ത്വചിന്ത, കൂടാതെ മറ്റ് പല മേഖലകളിലും AI ആകർഷകമാക്കുന്നു.
മനുഷ്യന്റെ ബുദ്ധിയെ "അനുകരിക്കുന്ന ഒരു യന്ത്രം നിർമ്മിക്കാൻ കഴിയും" എന്ന അനുമാനത്തിലാണ് ഈ മേഖല ആരംഭിച്ചത്.ഇത് മനസ്സിനെക്കുറിച്ചും മനുഷ്യനെപ്പോലെയുള്ള കൃത്രിമ ജീവികളെ സൃഷ്ടിക്കുന്നതിന്റെ ധാർമ്മിക അനന്തരഫലങ്ങളെക്കുറിച്ചുള്ള വാദങ്ങൾ ഉയർത്തി. ബുദ്ധി; പുരാതന കാലം മുതൽ ഈ പ്രശ്നങ്ങൾ മിത്ത്, ഫിക്ഷൻ, ഫിലോസഫി എന്നിവയാൽ പര്യവേക്ഷണം ചെയ്യപ്പെട്ടിട്ടുണ്ട്. സയൻസ് ഫിക്ഷൻ എഴുത്തുകാരും ഫ്യൂച്ചറോളജിസ്റ്റുകളും എഐ അതിന്റെ യുക്തിസഹമായ കഴിവുകൾക്ക് മേൽനോട്ടം വഹിച്ചില്ലെങ്കിൽ മനുഷ്യരാശിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കാമെന്ന് അഭിപ്രായപ്പെടുന്നു.



സജിമോൻ(അധ്യാപകൻ)

# പഠന പരിപോഷണ പരിപാടി

പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ആദിവാസി, തോട്ടം ,തീരദേശ, മേഖലകളിലെ വിദ്യാർഥികൾക്കുള്ള പ്രത്യേക പഠന പരിപോഷണ പരിപാടി വയനാട് ജില്ലയിൽ ഏറ്റവുമധികം പട്ടികവർഗ്ഗ വിദ്യാർഥികൾ പഠിക്കുന്ന പനമരം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ നടന്നു. നിരവധി



കാരണങ്ങളാൽ സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും പിന്നോക്കം നിൽക്കുന്ന ഈ വിദ്യാർത്ഥികളെ ആരോഗ്യ കായിക സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ പഠന മികവിലേക്ക് ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അവധി ദിനങ്ങളും പ്രവർത്തി ദിനങ്ങളിലെ അധികസമയവും കണ്ടെത്തിയാണ് പരിപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ആരോഗ്യ ,കായിക, സാംസ്കാരിക ,വിദ്യാഭ്യാസ മേഖലകളിലെ പ്രഗത്ഭരുടെ ക്ലാസ്സുകൾ, പ്രശസ്ത വ്യക്തികളുമായിള്ള ഇടപെടൽ, ബോധവൽക്കരണ ക്ലാസുകൾ, വേറിട്ട അക്കാദമിക പ്രവർത്തനങ്ങൾ, ഗോത്രവിഭാഗം കുട്ടികൾക്കായുള്ള ഫുട്ബോൾ, ക്രിക്കറ്റ് ടീമുകളുടെ രൂപീകരണം, പഠനയാത്രകൾ, ചിത്ര-ശിൽപകലാ ക്യാമ്പുകൾ, ലൈബ്രറി ,ഗോത്ര വിഭാഗത്തിൽപ്പെട്ട പ്രശസ്തരുടെ അനുഭവം പങ്കുവയ്ക്കൽ, തുടങ്ങി നിരവധി പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ആത്മവിശ്വാസം വളർത്തി ഉത്തമ പൗരന്മാരായി വാരിത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.................... ഇതുവരെയുള്ള പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട് എന്നതും ,ഹാജർനില ഉയർന്നു എന്നതും ,ശ്രദ്ധേയമാണ് ഗോത്ര സംസ്കാരവും തനിമയും ചോർന്നുപോകാതെ ഉള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നതിലൂടെ കുട്ടികൾക്ക് വിദ്യാലയ അന്തരീക്ഷം ആകർഷകമായി അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ഹെഡ്മിസ്ട്രസ്സ് ശ്രീമതി. ഷീജ ജെയിംസിന്റെ നേതൃത്വത്തിൽ വിവിധ സംഘങ്ങളായി അധ്യാപകർ നൂതന പ്രവർത്തനങ്ങൾക്ക് ആത്മസമർപ്പണം ചെയ്തിരിക്കുകയാണ് ഇവിടെ ...................

# പഠന പരിപോഷണ പരിപാടി

## ഉൽപ്പന്നങ്ങൾ



# പഠന യാത്ര






പ്രത്യേക പഠനപരിപോഷണ പരിപാടി 2023-24
പഠനയാത്ര
കണ്ണൂർ
2024 ഫെബ്രുവരി 16
ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, പനമരം







# ഓർമ്മകൾ


വിട
മുഹമ്മദ് സിനാൻ പി എൻ


പനമരം ഗവ.ഹയർ സെക്കണ്ടറി
സ്കൂളിലെ ഓഫീസ് സ്റ്റാഫ്
പുഷ്പ ചേച്ചിക്ക്
ആദരാഞ്ജലികൾ

# കടപ്പാട്



സനിൽകുമാർ എസ്
അധ്യാപകൻ



സനൽകുമാർ പി സി
അധ്യാപകൻ



സ്മിത
അധ്യാപിക

## നന്ദി

ലിറ്റിൽകൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ മനോഹരമാക്കാനായതിൽ സന്തോഷിക്കുന്നു. വൈവിധ്യങ്ങളോടേയും മാഗസിൻ ഉന്നത നിലവാരം പുലർത്തുന്ന തരത്തിലുള്ളതാക്കാനായി വിജ്ഞാനപ്രദവും ആസ്വാദ്യകരവുമാണ് മാഗസിൻ. ഇതിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകർ,വിദ്യാർഥികൾ, സഹപ്രവർത്തകർ............ ഏവർക്കും സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു.

മാഗസിൻ കമ്മിറ്റി